മലങ്കരസഭ

5-12-1952.

വി. അപ്പോസ്തോലന്റെ രക്തസാക്ഷിത്വം

"അവനോടുകൂടി മരിക്കേണ്ടതിനു നാമും പോക" (യോഹ. 21:16)

(ഉടയോൻനാഥം)

മൈലാപ്പൂരിൽ മിശിഹായെപ്രതി തൻ ജീവൻ വച്ചവനേ,
നിരണം മുതലായവയേഴു ഭവനം സംസ്ഥാപിച്ചവനേ,
ഇൻഡ്യായുടെ കാവൽക്കാരാ വന്ദ്യപിതാവേ, മാർതോമ്മാ
ഓർക്കണമേ ഞങ്ങളെയെന്നാളും.

പുസ്തകം 7 | 1952 ഡിസംബർ | ലക്കം 2

(മാർ തോമ്മാശ്ലീഹായുടെ ഇൻഡ്യൻ ആഗമനത്തിന്റെ 19-ാം ശതവർഷജൂബിലിപ്പതിപ്പ്)

വിഷയവിവരം.

1. പുതുക്കുക, പ്രതിഷ്ഠിക്കുക 3
2. മാർ തോമ്മാശ്ലീഹാ 7
3. മാർ തോമ്മാശ്ലീഹായുടെ കാലത്തെ മലങ്കരയിലെ വി. കുർബ്ബാന 12
4. മാർ തോമ്മാശ്ലീഹായുടെ വേല പൂർത്തിയാക്കുക 15
5. നീ ആരാണ് ദേവാ? (കവിത) 17
6. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച നിരണംപള്ളി 18
7. പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയും വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും (തുടർച്ച) 21
9. ആത്മനിക്ഷേപം 23
9. മാർത്തോമ്മാശ്ലീഹായും പൗരസ്ത്യ സിംഹാസനവും 25

വരിസംഖ്യ അയച്ചുതന്നു സഹായിക്കുക

(29-ാം പേജിൽനിന്നു തുടർച്ച)

ഇതിനുപരി പ്രസ്താവിക്കപ്പെട്ടിട്ടുള്ള പ്രകാരം മാറിയുടെ കാലത്തു പൗരസ്ത്യസിംഹാസനം എഡെസ്സായിൽനിന്നു സെല്യൂക്യാ ക്ടെസിഫോണിലേക്കും എ. ഡി. 629-ൽ സെല്യൂക്യായിൽനിന്നും തിഗ്രീസിലേക്കു, പിന്നീടു മൂസലിലേക്കും മാറ്റി സ്ഥാപിക്കപ്പെടുകയുണ്ടായി. അന്ത്യോക്യാസിംഹാസനത്തിന്റെ ചരിത്രത്തിലും ഈദൃശ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടു്. 15-ാം നൂറ്റാണ്ടിനു ശേഷം കാതോലിക്കാ സിംഹാസനത്തിന്റെ ശക്തി ക്ഷയിക്കുകയും ഒടുവിൽ സിംഹാസനത്തിൽ ആളില്ലാതെ വരുകയും ചെയ്തതിനാൽ 1912-ൽ, അന്ത്യോഖ്യായുടെ മോറാൻ മാർ അബ്ദുൽമ്ശിഹാ പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ സഹകരണത്തോടുകൂടി അതു് ഇൻഡ്യയിൽ മലങ്കരയിലേക്കു മാറ്റി സ്ഥാപിച്ചു. അതിനു മലങ്കരസഭ സർവവിധത്തിലും അർഹയുമായിരുന്നു.

അങ്ങനെ കാതോലിക്കാ സിംഹാസനത്തിന്റെ പരിരക്ഷണത്തിൽ മലങ്കരസഭ പുരോഗമിക്കുന്നു. മാർ തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻ ആഗമനത്തിന്റെ 19-ാം ശതവർഷജൂബിലി ആഘോഷിക്കുമ്പോൾ വി. അപ്പോസ്തോലനോടും അദ്ദേഹത്തിന്റെ സിംഹാസനമാകുന്ന വി. കാതോലിക്കാസിംഹാസനത്തോടുമുള്ള നമ്മുടെ ഭക്തിവിശ്വാസങ്ങളെ പ്രകടമാക്കുകയാണു നാം ചെയ്യുന്നതു്.

— —

(6-ാം പേജിൽനിന്നു തുടർച്ച)

ഗ്യവാന്മാർ അവർ ദൈവത്തെ കാണും" ഹൃദയശുദ്ധിയുള്ളവരായി നമുക്കു നമ്മെത്തന്നെ പ്രതിഷ്ഠിക്കാം.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

Notes taken by T. V. G.

— — —

മലങ്കരസഭ

പ്രതിമാസം പ്രസിദ്ധപ്പെടുത്തുന്നതു്.

പുസ്തകം 7 | 1952 ഡിസംബർ | ലക്കം 2

പുതുക്കുക, പ്രതിഷ്ഠിക്കുക.

(23-11-52-ൽ ഹൂദോസ് ഈത്തോ ഞായറാഴ്ച പ.കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു കോട്ടയം പഴയസിമ്മനാരി ചാപ്പലിൽവച്ചു കല്പിച്ചു ചെയ്ത പ്രസംഗം)

കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ,

ഹൂദോസ് ഈത്തോ എന്നു പറഞ്ഞാൽ സഭയുടെ പ്രതിഷ്ഠ, അഥവാ പുതുക്കൽ എന്നർത്ഥമാകുന്നു. ഈത്തോ എന്ന വാക്കിനു സഭ എന്നും, പള്ളി എന്നും അർത്ഥമുണ്ടു്. സഭ ദൈവത്തിന്റെ ആലയവും ക്രിസ്തുവിന്റെ ശരീരവുമാണു്. സഭയ്ക്കു് ഏററം പ്രധാനമായ ഒരു സ്ഥാനമാണു കർത്താവു നൽകിയിരിക്കുന്നതു്. കർത്താവു തന്റെ രക്ഷാകരമായ വ്യാപാരങ്ങൾ സഭയിൽ നിക്ഷേപിച്ചിരിക്കുന്നു. അതിനാൽ സഭയെ അനുസരിക്കാൻ അതിലെ അംഗങ്ങൾ എല്ലാവരും കടപ്പെട്ടവരാണു്. കർത്താവു സഭയെപ്പററി ഇപ്രകാരം കല്പിക്കുന്നു. "നിന്റെ സഹോദരൻ നിന്നോടു പിഴച്ചാൽ നീ ചെന്നു നീയും അവനും മാത്രമുള്ളപ്പോൾ കുററം അവനു ബോധംവരുത്തുക. അവൻ നിന്റെ വാക്കു കേട്ടാൽ നീ അവനെ നേടി. കേൾക്കാഞ്ഞാലോ രണ്ടുമൂന്നു സാക്ഷികളുടെ വായാൽ സകല കാര്യവും ഉറപ്പാകേണ്ടതിനു് ഒന്നു രണ്ടുപേരെ കൂട്ടിക്കൊണ്ടു ചെല്ലുക. അവരെ അനുസരിക്കാഞ്ഞാൽ സഭയോടു് അറിയിക്ക. സഭയെയും അനുസരിക്കാഞ്ഞാൽ അവൻ നിനക്കു ചുങ്കക്കാരനും കാവ്യനുമായിരിക്കട്ടെ." (മത്താ. 18.15—17) പ്രിയരേ! സഭയെ കേൾക്കുക എന്ന കല്പന ദൈവം തമ്പുരാനാണു നമുക്കു തന്നിരിക്കുന്നതു്. സഭയെ കേൾക്കുന്നില്ലെങ്കിൽ ചുങ്കക്കാരനും കാവ്യ(പുറജാതി)നുമായിത്തീരും.

ഇന്നു സഭയുടെ അഥവാ പള്ളിയുടെ പ്രതിഷ്ഠപ്പെരുനാൾ ആണു്. പള്ളി നാം കല്ലും മണ്ണും മരവും കൊണ്ടുണ്ടാക്കുന്നു. എന്നാൽ രാജാവായ ദാവീദിനു് അങ്ങനെ ഒരു പള്ളിയുണ്ടാക്കുവാൻ സാധിച്ചില്ല. "നീ വളരെ രക്തംചൊരിച്ചിൽ നടത്തിയവനാകയാൽ നീ എന്റെ നാമത്തിനു് ഒരു ആലയം പണിയരുതു്. നിന്റെ മകൻ ശലോമോൻ അതു നിവൃത്തിക്കും" എന്നു കല്പിച്ചു. ശലോ

മോൻ ഉണ്ടാക്കിയ ദേവാലയം കല്ലും മരവും കൊണ്ടുള്ളതായിരുന്നു. അവൻ ദേവാലയം പണിതീർത്തിട്ട് അതിനെ ദൈവത്തിനു പ്രതിഷ്ഠിച്ചു. അവിടെ ബലിയും പൂജയും ഉണ്ടായിരുന്നു. അത്യുന്നതൻ കൈപ്പണിയായതിൽ വസിക്കുന്നില്ല എന്നു പറഞ്ഞിട്ടുണ്ടെങ്കിലും ഈ ആലയത്തിൽ ദൈവസാന്നിദ്ധ്യം അനുഭവപ്പെട്ടു. ഉർശ്ലേം ദേവാലയത്തെപ്പററി നമ്മുടെ കർത്താവ് എന്റെ ഭവനം, എന്റെ പിതാവിന്റെ ഭവനം എന്നിപ്രകാരമാണു കൽപ്പിക്കുന്നതു്. ഈ ദേവാലയത്തിൽ അഭക്തിയായും അലക്ഷ്യമായും പ്രവർത്തിച്ചവരെ കർത്താവു ചമ്മട്ടികൊണ്ടു് അടിച്ചോടിക്കുകയും പൊൻവാണിഭക്കാരുടെ മേശകളെ മറിച്ചിടുകയും മററും ചെയ്തതായി നാം കാണുന്നു. തന്റെ ഇഹലോകജീവിതകാലത്തു മറെറാരവസരത്തിലും താൻ കോപിച്ചതായി നാം കാണുന്നില്ല. "നിന്റെ ആലയത്തെക്കുറിച്ചുള്ള വൈരാഗ്യം (എരിവ്) എന്നെ ഭക്ഷിച്ചുകളഞ്ഞു" എന്ന തിരുവെഴുത്ത് അപ്പോൾ തന്റെ ശിഷ്യന്മാർ ഓർത്തു. തന്റെ ഈ പ്രവൃത്തിയും ഒരു പ്രവചനനിവൃത്തിയായിരുന്നു. ഇതു ചെയ്തില്ലായിരുന്നെങ്കിൽ "സകലവും നിവൃത്തിയായി" എന്നു പറവാൻ സാധിക്കയില്ലായിരുന്നു.

കല്ലും മരവുംകൊണ്ടു പണിയപ്പെട്ടതെങ്കിലും പള്ളി ദൈവത്തിന്റെ ഭവനമാണ്. മനുഷ്യൻ പദാർത്ഥമയനാകയാൽ അവന്റെ ചിന്തയെ കേന്ദ്രീകരിക്കുന്നതിന് ഒരു സ്ഥലം ആവശ്യമുണ്ടു്. ഗോത്രപിതാവായ യാക്കോബു ബേർ-ശെബായിൽനിന്നു പുറപ്പെട്ടു ഹാരാനിലേക്കു പോകുന്ന മദ്ധ്യേ ലൂസ് എന്ന സ്ഥലത്തു രാപാർക്കുമ്പോൾ ഭൂമിയിൽനിന്നു സ്വർഗ്ഗത്തോളം എത്തുന്ന ഒരു ഗോവണിയും ദൈവത്തിന്റെ ദൂതന്മാർ അതിൽക്കൂടി കയറുകയും ഇറങ്ങുകയും ചെയ്യുന്നതും അവൻ കണ്ടു. അവിടെവച്ചു ദൈവം അവനെ അനുഗ്രഹിച്ചു. അവൻ ഉറക്കമുണർന്നു "യഹോവ ഈ സ്ഥലത്തുണ്ടു് സത്യം; ഞാനോ അതു് അറിഞ്ഞില്ല. ഈ സ്ഥലം എത്ര ഭയങ്കരം. ഇതു ദൈവത്തിന്റെ ആലയമല്ലാതെ മറെറാന്നല്ല, ഇതു സ്വർഗ്ഗത്തിന്റെ വാതിലുതന്നെ" എന്നു പറഞ്ഞു് അവൻ തലയണയായി വച്ചിരുന്ന കല്ലു് എടുത്തു തൂണായി നിർത്തി അതിനെ എണ്ണകൊണ്ടു് അഭിഷേകംചെയ്കയും ആ സ്ഥലത്തിനു ബഥേൽ അതായതു ദൈവത്തിന്റെ ഭവനം എന്നു പേരിടുകയും ചെയ്തു. (ആദ്യ. 28:10-18) ദൈവം എല്ലായിടത്തും ഉണ്ടെങ്കിലും ഈ സ്ഥലത്തുവച്ചു ദൈവസാന്നിദ്ധ്യം അവനു പ്രത്യേകാൽ അനുഭവപ്പെട്ടു. അപ്രകാരം ദൈവസാന്നിദ്ധ്യത്തെ പ്രത്യേകാൽ അനുഭവപ്പെടുത്തുന്നതിനുള്ള സ്ഥലമാകുന്നു ദേവാലയം.

പഴയനിയമദേവാലയവും അവിടെ നടത്തപ്പെട്ടിരുന്ന ബലിപൂജാദികളും പുതിയനിയമദേവാലയത്തിന്റെയും ബലിപൂജാദികളുടെയും കേവലം നിഴലും മുൻകുറിയും മാത്രമായിരുന്നു. നിഴലായ ബലി അതായതു് ആടു്, മാടു്, ചെങ്ങാലി, പ്രാവു് എന്നിവയുടെ ബലി അനുഷ്ഠിക്കപ്പെട്ടിരുന്ന ഈ ഉർശ്ലേം ദേവാലയത്തെപ്പററി എന്റെ ഭവനം എന്റെ പിതാവിന്റെ ഭവനം എന്നു കർത്താവു പറഞ്ഞെങ്കിൽ പൊരുളും യഥാർത്ഥവുമായ—സാക്ഷാൽ ദൈവപുത്രന്റെ തിരുശരീരരക്തങ്ങൾ തന്നെ പിതാവായ ദൈവത്തിനു ബലിയർപ്പിക്കപ്പെടുന്ന-പുതിയനിയമദേവാലയം പഴയനിയമദേവാലയത്തെക്കാൾ എത്രയധികം മഹത്തും ബഹുമാനമുള്ളതും ആകുന്നു എന്നു ചിന്തിക്കുക.

ദേവാലയത്തിൽ കർത്താവു് എഴുന്നെള്ളി വസിക്കുന്നതിനാൽ അതു തന്റെ സിംഹാസനമാണു്. "സ്വർഗ്ഗത്തെക്കൊണ്ടു് ആണയിടരുതു്. അതു ദൈവത്തിന്റെ സിംഹാസനം" എന്നു കർത്താവു കൽപ്പിച്ചിട്ടുണ്ടല്ലോ. അപ്പവും വീഞ്ഞും വഴിയായി നമ്മുടെ കർത്താവു വി. ദേവാലയത്തിൽ എഴുന്നെള്ളി വസിക്കുന്നതിനാൽ അതു സ്വർഗ്ഗമായിത്തീരുന്നു. അവിടെ മാലാഖമാർ തന്നെ ഇടവിടാതെ സ്തുതിച്ചുകൊണ്ടിരിക്കുന്നു. "അഗ്നിമയന്മാരാരെ നോക്കിൽ വിറച്ചീടുന്നു. അവനെ മേശയിലപ്പംവീഞ്ഞായ് നീ കാണുന്നു. ആരെ മിന്നലുടുത്തവർ നോക്കുകിലെരിയുന്നുടനെ, അവനെ മൺമയർ ഭക്ഷിച്ചു മുഖം തെളിയുന്നേററം."

മിശിഹാതമ്പുരാന്റെ ശരീരവും രക്തവും ദേവാലയത്തിൽ വി. ത്രോണോസിൽ

ഉണ്ടാകുന്നതിനാൽ അതു് (ത്രോണോസ്) ദൈവപുത്രന്റെ സിംഹാസനവും ബലിപീഠവുമാണു്. വി. കുർബ്ബാനയിരിക്കുന്ന സ്ഥലം ഏററം ബഹുമാനമുള്ളതാണു്. അതിനാൽ വി. ത്രോണോസിനെ നാം ഭക്തിപൂർവം ആദരിക്കുന്നു. മാലാഖമാർ അവിടെ വിറച്ചുകൊണ്ടുനില്ക്കുന്നു. എന്നാൽ ഈ തിരുശരീരരക്തങ്ങൾ എപ്പോഴും അവിടെ വച്ചുക്കുന്നില്ല. പിന്നെയോ, പട്ടക്കാരും ജനങ്ങളും അനുഭവിക്കുന്നു. മനുഷ്യപുത്രന്റെ—നമ്മുടെ കർത്താവിന്റെ—തിരുശരീരരക്തങ്ങൾ നമുക്കു നിത്യജീവന്റെ ഭക്ഷണവും പാനീയവുമായിത്തീരുന്നതിനാണു് അവ വി. ബലിപീഠത്തിൽ അർപ്പിക്കപ്പെടുന്നതു്. "എന്റെ ശരീരം ഭക്ഷിക്കുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എന്നു കർത്താവു് അരുളിച്ചെയ്തിരിക്കുന്നു. ആകയാൽ വി. കുർബാന അനുഭവിക്കുന്ന ഓരോരുത്തരിലും താൻ സ്ഥിരമായി വസിക്കുന്നു. "നിങ്ങൾ ദൈവത്തിന്റെ ആലയങ്ങളാകുന്നു എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ" (1. കോരി. 3.16) എന്നു് അപ്പോസ്തോലൻ ചോദിക്കുന്നു. കർത്താവു തിരുശരീരരക്തങ്ങൾ വഴിയായി വി. ത്രോണോസിൽ എഴുന്നള്ളുകയും അവിടെനിന്നും നമ്മിലേക്കു് എഴുന്നള്ളുകയും നമ്മിൽ വസിക്കുകയും ചെയ്യുന്നു. ആകയാൽ നാം ഓരോരുത്തരും ദൈവത്തിന്റെ ആലയങ്ങൾ തന്നെ. സ്വർഗ്ഗത്തിൽ പിതാവാം ദൈവത്തിന്റെ വലത്തുഭാഗത്തു സിംഹാസനസ്ഥനായിരിക്കുന്ന മനുഷ്യപുത്രൻ ഭൂമിയിൽ മനുഷ്യരിൽ വസിക്കുന്നു. ഇവിടെ മാലാഖമാർ മനുഷ്യപുത്രന്റെ അടുക്കൽ കയറുകയും ഇറങ്ങുകയും ചെയ്യുന്നു. (യോ 1:51) അവർ പിതാവിന്റെ വലത്തുഭാഗത്തു മനുഷ്യപുത്രനെ വന്ദിക്കുന്നവണ്ണം (കുർബാനാനുഭവം മൂലമായി) മനുഷ്യരിൽ വസിക്കുന്ന മനുഷ്യപുത്രന്റെ അടുക്കലേക്കിറങ്ങി അവിടെയും അവർ അവനെ വന്ദിക്കുന്നു. ഈജിപ്തിലെ ദയറായക്കാർ തമ്മിൽ കാണുമ്പോൾ പരസ്പരം തലകുനിച്ചു വന്ദിച്ചിരുന്നു. കാരണം കർത്താവു് അവരിൽ വസിക്കുന്നു എന്നതുതന്നെ. അങ്ങനെ അവർ ചെയ്യുമ്പോൾ കർത്താവിനെ വന്ദിക്കുകയാകുന്നു ചെയ്തതു്.

ഈ ഭവനം കള്ളന്മാരുടെ ഗുഹയാക്കിത്തീർക്കരുതു്. "ദൈവത്തിന്റെ ആത്മാവിനെ ദുഃഖിപ്പിക്കരുതു്." നമ്മുടെ പാപപ്രവൃത്തികൾ ദൈവത്തിന്റെ ആത്മാവിനെ ദുഃഖിപ്പിക്കുന്നു. ആകയാൽ കൈപ്പണിയല്ലാത്ത ആലയങ്ങളാകുന്ന നാം ഓരോരുത്തരും പള്ളിയെക്കാൾ വിശുദ്ധരായിരിക്കണം. ഈ ആലയങ്ങൾ അശുദ്ധിയാലും അധർമ്മങ്ങളാലും നിറയപ്പെട്ടിട്ടു മനുഷ്യന്റെ പുത്രനെ ഞെരുക്കുന്ന പയായിത്തീരരുതു്. നാം നമ്മെത്തന്നെ ശോധന ചെയ്കയും ശുദ്ധീകരിക്കുകയും ചെയ്യണം. അല്ലാത്തപക്ഷം ദൈവത്തിന്റെ ആലയമാകുന്ന നാം കള്ളന്മാരുടെ ഗുഹയായിപ്പോകും. അതു് അത്യന്തം ആപൽക്കരവും നാശകരവുമാണു്. "ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ." (1 കോരി. 3:17) നാം നമ്മെ വെടിപ്പിലും വിശുദ്ധിയിലും സൂക്ഷിക്കുന്നില്ലെങ്കിൽ നാം ദൈവത്തിന്റെ മന്ദിരത്തെ—നമ്മെത്തന്നെ—നശിപ്പിക്കുകയാണു ചെയ്യുന്നതു്.

നമ്മിലേക്കു എഴുന്നള്ളുന്ന ദൈവപുത്രനു് മുള്ളുകളുടെ ഇടയിൽ വീണ വിത്തിന്റെ അനുഭവമുണ്ടാകരുതു്. മുള്ളുകളുടെ ഇടയിൽ വീണ വിത്തിനെ മുള്ളുകൾ ഞെരുക്കുന്നു. വിത്തു ദൈവത്തിന്റെ വചന (മ്ശിഹാതമ്പുരാൻ) മാണു്. ഈ ലോകത്തിന്റെ വഞ്ചന, അക്രമം, ദ്രവ്യാഗ്രഹം, മോഹവിചാരം എന്നിങ്ങനെയുള്ള മുള്ളുകളാൽ അവിടുന്നു ഞെരുങ്ങപ്പെടുവാൻ ഇടയാകരുതു്. യൂദാസ്കറിയോത്തും വി. കുർബ്ബാന അനുഭവിച്ചു. എന്നാൽ മിശിഹായെക്കാൾ ദ്രവ്യത്തെ അവൻ സ്നേഹിച്ചു. മിശിഹായെ ഒററിക്കൊടുത്തും ദ്രവ്യം സമ്പാദിക്കാൻ അവൻ കാംക്ഷിച്ചു. സ്വാർത്ഥതയും ദ്രവ്യാഗ്രഹവുമാകുന്ന മുള്ളുകൾക്കിടയിൽ അവന്റെ ഹൃദയത്തിൽ വളർന്നു ഫലം കായിക്കുവാൻ വിത്തിനു് ഇടമില്ലായിരുന്നു. അവന്റെ കുർബാനാനുഭവത്തിന്റെ ഫലം മിശിഹാതമ്പുരാനെ കൊലയ്ക്കു കൊടുക്കുകയായിരുന്നു. ശരിയായിട്ടല്ലാതെ വി. കുർബാന അനുഭവിക്കുന്നവർ ഇതാകുന്നു

ചെയ്യുന്നതു്. അതു അവന്റെ നാശത്തിനു—സ്വഹത്യക്കുതന്നെ—കാരണമായിത്തീർന്നു. സ്വഹത്യ വലിയ പാപമാണു്. ദൈവപുത്രനെ ഒററിക്കൊടുത്തിട്ടു് അവൻ ആത്മഹത്യചെയ്തു. "മനുഷ്യൻ തന്റെ ബഹുമാനത്തെ അറിയാതെ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യനായിത്തീർന്നു" യൂദാസ്കറിയോത്തിനു് അതുതന്നെ ഭവിച്ചു. അവൻ തന്റെ ഭാഗ്യത്തെയുംപദവിയേയും ദ്രവ്യാഗ്രഹംമൂലം നഷ്ടമാക്കി മൃഗതുല്യം നശിച്ചു. ഈ അനുഭവം ഉണ്ടാകാതിരിക്കുവാൻ നാം പ്രത്യേകം സൂക്ഷിക്കണം. വി. കുർബാന അഗ്നിയാണെന്നു ഓർക്കണം. അഗ്നിയോടു് അടുക്കുവാൻ ഭയപ്പെടണം.

"തീയല്ലോ ഈ മദ്ബഹാ തീയല്ലോ പൂജയിതു്
തീയിതിനെ ചുററുന്നു, തീയിനല്ലോപരിപാലിപ്പു."

ഈ അഗ്നി യൂദാസ്കറിയോത്തിനു നാശത്തിനു കാരണമായിത്തീർന്നെങ്കിൽ മററു ശിഷ്യന്മാരെ പ്രകാശവും, പ്രശോഭയും നിറഞ്ഞവരാക്കിത്തീർത്തു.

സാക്ഷിയിൻ കൂടാരവുംപിച്ചളസർപ്പവും യഹൂദജാതിയുടെ ഇടയിൽ ആദരണീയവസ്തുക്കളായിരുന്നതുപോലെ തിരുശരീരരക്തങ്ങൾ ഉണ്ടാകുന്ന വി. ദേവാലയം നമുക്കു ആദരണീയമാണു്

നമ്മുടെ കർത്താവു യേരുശലേം ദേവാലയത്തെപ്പററി എന്റെ ഭവനം, എന്റെ പിതാവിന്റെ ഭവനം എന്നിപ്രകാരം പറഞ്ഞുവെങ്കിലും ആ ദേവാലയം ഇന്നില്ല, നശിച്ചുപോയി. അവിടെ വിൽക്കുന്നവരെയും വാങ്ങുന്നവരെയും എല്ലാം പുറത്താക്കി അതിനെ ശുദ്ധീകരിച്ചു എങ്കിലും പിന്നെയും അതു അസൂയയും, വഞ്ചനയും നിറഞ്ഞ യഹൂദപ്രമാണികളുടെ ഗൂഢാലോചനയുടെ സങ്കേതമായിത്തീർന്നു. അവരുടെ അഭീഷ്ടത്തിനു വിരുദ്ധമായി കർത്താവു നിന്നതുകൊണ്ടു, തന്നെ എങ്ങനെയും അപായപ്പെടുത്തണമെന്നു അവർ വിചാരിച്ചു. "അവൻ യെരുശലേമിനെ നോക്കി കരഞ്ഞു" എന്നു ലൂക്കൊ 19–:41–ൽനാംവായിക്കുന്നു. തന്റെ ശിഷ്യന്മാരിൽ, ഒരുവൻ യേരുശലേം ദേവാലയത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു അതിന്റെ പണികളുടെ മഹനീയതയെ കർത്താവിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നപ്പോൾ അതു ഇടിക്കപ്പെടാതെ കല്ലിന്മേൽ കല്ലു ശേഷിക്കയില്ല എന്നു താൻ അരുളിച്ചെയ്തു. (മർക്കോ 13:2) താൻ അരുളിച്ചെയ്തപ്രകാരം എ. ഡി. 70–ൽ മനോഹരമായ ആ ദേവാലയം കല്ലിന്മേൽ കല്ലു ശേഷിക്കാതവണ്ണം നശിപ്പിക്കപ്പെട്ടു. നമ്മളും ദൈവത്തിന്റെ ആലയങ്ങളാകുന്നു എങ്കിലും നമ്മുടെ ഹൃദയം കള്ളന്മാരുടെ ഗുഹയായിത്തീർന്നാൽ എന്റെ ഭവനം എന്റെ പിതാവിന്റെ ഭവനം എന്നു കർത്താവു കല്പിച്ച ആ യെരുശലേം ദേവാലയത്തിന്റെ അനുഭവംതന്നെ നമുക്കുമുണ്ടാകും. എത്രതന്നെ പ്രതാപവാന്മാരും ശക്തന്മാരുമായാലും ഇടിക്കപ്പെടാതിരിക്കാൻ സൂക്ഷിക്കണം.

സഭയാകുന്ന ദൈവത്തിന്റെ ആലയത്തിന്റെ കല്ലുകളാണു നാം ഓരോരുത്തരും. നാം ജീവനുള്ള കല്ലുകളായി പണിയപ്പെടണം. ഇക്കാലത്തു ക്രിസ്ത്യാനികളുടെ ശത്രുക്കൾ ക്രിസ്ത്യാനികൾതന്നെയാണു്. "മനുഷ്യന്റെ ശത്രുക്കൾ അവന്റെ ഭവനക്കാർ തന്നെ." നാം ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീയ ഗൃഹമായി പണിയപ്പെടേണ്ടതിനു നമ്മെത്തന്നെ ഒരുക്കി ദൈവ തിരുമുമ്പാകെ പ്രതിഷ്ഠിക്കുക. നമ്മിലുള്ള വിത്തു് മുള്ളുകൾക്കിടയിലൊ എന്നു നോക്കുക. മുള്ളുകൾക്കിടയിലെങ്കിൽ അവയെ (മുള്ളുകളെ) പറിച്ചു ഒന്നോടെ ദഹിപ്പിച്ചുകളയുക. അനുതപിപ്പിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു കർത്താവു കല്പിക്കുന്നു. നമ്മിൽ അനേകരും മുള്ളുകൾകൊണ്ടു നിറഞ്ഞവരല്ലയോ? അവൻ നമ്മിലുള്ള മുള്ളുകൾകൊണ്ടു ഞെരുങ്ങുന്നു. നമ്മുടെ ഓരോ പാപപ്രവൃത്തികളും അവന്റെ തലയിൽ മുൾക്കിരീടം അടിച്ചു കയററുന്നു. വഞ്ചന, അക്രമം, അസത്യം, അനീതി, മോഹം, മുതലായ മുള്ളുകളെ പറിച്ചുകളഞ്ഞു ഹൃദയത്തെ വെടിപ്പാക്കുക. നമ്മിലുള്ള വിത്തു മുപ്പതായും അറുപതായും നൂറായും ഫലം പുറപ്പെടുവിക്കട്ടെ. ഹൃദയശുദ്ധിയുള്ളവർ ഭാ

(ശേഷം കവർ രണ്ടാംപേജിൽ)

മാർ തോമ്മാശ്ലീഹാ

(എം. സി. കുറിയാക്കോസ് റമ്പാൻ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കാലംപോലെതന്നെ അപ്പോസ്തോലകാലവും അത്ഭുതങ്ങളുടെ കാലം ആയിരുന്നു. എന്തെന്നാൽ, മർക്കോസിന്റെ സുവിശേഷം സമാപിക്കുന്നപ്രകാരം, കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അവരുടെ വചനങ്ങളെ അവരുടെ അത്ഭുതങ്ങളാൽ ഉറപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. അപ്പോസ്തോലപ്രവൃത്തികൾ എന്ന പുസ്തകവും അതിനു സാക്ഷ്യം വഹിക്കുന്നു. പത്രോസ്ശ്ലീഹാ മുടന്തനെ നടത്തുകയും, കാണികൾ അമ്പരക്കുമാറ് അനാനിയാസും സഫീറായും പൊട്ടുന്നനവെ മരണമടയുമാറാൻ തക്കവണ്ണം അവരെ ശപിക്കുകയും, രോഗികളെ സൗഖ്യമാക്കുകയും, മരിച്ച തബീഥായെ ഉയിർപ്പിക്കുകയും, ദിവ്യദർശനങ്ങൾ കാണുകയും, ബന്ധിതകരങ്ങളിൽനിന്നു ചങ്ങലകൾ വീണു പൂട്ടപ്പെട്ട കാരാഗൃഹത്തിൽനിന്നു പുറത്തുവരികയും മറ്റും ചെയ്തുവല്ലോ. ഇവയെ അസംഭവ്യമായി ആരും തള്ളുന്നില്ല. അപ്രകാരംതന്നെ മാർ തോമാശ്ലീഹായുടെ സുവിശേഷപ്രവർത്തനങ്ങളിലും അത്ഭുതങ്ങൾ നടന്നെങ്കിൽ എന്താണ് അത്ഭുതപ്പെടുവാനുള്ളത്?

യേശുക്രിസ്തു തന്റെ ഉയിർത്തെഴുന്നേൽപ്പിനുശേഷം നാൽപ്പതുനാളോളം തന്റെ ശിഷ്യന്മാർക്കു പ്രത്യക്ഷനായി താൻ ജീവിച്ചിരിക്കുന്നു എന്ന് അനേക ദൃഷ്ടാന്തങ്ങളാൽ അവരെ ബോധ്യപ്പെടുത്തുകയും, യറുശലേമിൽനിന്നു വാങ്ങിപ്പോകാതെ ഉയരത്തിൽനിന്നുമുള്ള ശക്തിക്കായി കാത്തിരുന്ന പരിശുദ്ധറൂഹായുടെ ആവാസത്താൽ ശക്തിപ്പെട്ടു യറുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ഭൂമിയുടെ അറ്റത്തോളവും തന്നെ സാക്ഷികളാകണമെന്നു കൽപ്പിക്കുകയും ചെയ്തു. അതിൻപ്രകാരം യേശുവിന്റെ സ്വർഗ്ഗാരോഹണം മുതൽ പത്തുദിവസം അവർ തന്റെ അമ്മയോടും സഹോദരന്മാരോടും മറ്റും കൂടെ ഒരുമനപ്പെട്ടു പ്രാർത്ഥനകഴിച്ചുപോന്നു. പത്താംദിവസം, പെട്ടെന്നു കൊടുങ്കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്ന് ഒരു മുഴക്കം പുറപ്പെട്ട് അവർ ഇരുന്നിരുന്ന വീടു മുഴുവൻ നിറഞ്ഞു. അഗ്നിജ്വാലപോലെ പിളർന്നിരുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെമേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി.

“വരുവിൻ: മ്ശിഹായെ പ്രസാദിപ്പിച്ച ശ്ലീഹന്മാരിൽ നമുക്ക് അഭയപ്പെടാം. അവർ അവനിൽനിന്നു പരിശുദ്ധാത്മാവിനെയും ഉന്നതാഗാധതാക്കോലുകളെയും പ്രാപിച്ചുവല്ലോ. ഭൂമിയിൽ അവരെ ശ്രേഷ്ഠന്മാരും പ്രാസംഗികന്മാരും ആക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കണ്ടാലും അവരുടെ സ്മരണ ഭൂമിയിലെങ്ങും മുഴങ്ങുന്നു”, എന്ന് എഴുതപ്പെട്ടിട്ടുണ്ടല്ലോ. അവർ തമ്മിൽ വലിപ്പച്ചെറുപ്പം ഇല്ലായിരുന്നു. നമ്മിൽ ആരാകുന്നു വലിയവൻ എന്നു പെസഹാമേശയിങ്കൽ വച്ചു തർക്കിച്ചപ്പോൾ വലിയവൻ പത്രോസുതന്നെ എന്ന് അവരുടെ നാഥൻ വിധിച്ചില്ലല്ലോ. അവർ സമന്മാർ ആയിരുന്നു.

വിശുദ്ധ ശ്ലീഹന്മാരുടെമേൽ പരിശുദ്ധറൂഹാ ആവസിച്ചതു് ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസം ആയിരുന്നു. തിങ്കളാഴ്ച അവർ കുർബാനതക്സാ എഴുതി. ചൊവ്വാഴ്ച അവർ മൂറോൻതൈലം കൂദാശചെയ്തു. ബുധനാഴ്ച യാക്കോബ്ശ്ലീഹാ കുർബാനചൊല്ലുകയും കന്യാസ്ത്രീയമ്മയെ മാമോദീസാ മുക്കുകയും ചെയ്തു. വ്യാഴാഴ്ച അവർ സഭയ്ക്കുവേണ്ടി 82 കാനോനാകൾ എഴുതി. വെള്ളിയാഴ്ച പത്രോസും യോഹന്നാനുംകൂടി ഒരു മുടന്തനെ സൗഖ്യമാക്കി. ശനിയാഴ്ച അവർ സുവിശേഷവയലുകൾക്കായി ചീട്ടിയിടുകയും ഓരോരുത്തർക്കു

ചിട്ടി വീണ സ്ഥലത്തേക്കു് അവരവർ പുറപ്പെടുകയും ചെയ്തു. മാർ തോമ്മാശ്ലീഹായുടെ വയൽ പൗരസ്ത്യദേശം ആയിരുന്നു.

യേശുവിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ടു മാർ തോമ്മാശ്ലീഹാ കിഴക്കോട്ടു യാത്രതുടങ്ങി. ആ ദേശങ്ങളിൽ 17 വർഷത്തോളം അദ്ദേഹം സുവിശേഷവേല ചെയ്തു. ക്രിസ്ത്വാബ്ദം അമ്പതിനോടടുത്തു് അദ്ദേഹം എഡേസായിൽ എത്തി. അക്കാലത്തു് അന്ത്യോക്യാപട്ടണം പാശ്ചാത്യ സിറിയായുടെ തലസ്ഥാനമായിരുന്നാപ്രകാരം എഡേസാ പൗരസ്ത്യസിറിയായുടെ കേന്ദ്രസ്ഥാനമായിരുന്നു. ആ തലസ്ഥാനനഗരത്തിൽ അദ്ദേഹം സിംഹാസനം സ്ഥാപിച്ചു. ആ സിംഹാസനമത്രെ പൗരസ്ത്യ കാതോലിക്കാസിംഹാസനമായി 231-ൽ യറുശലേം സൂന്നഹദോസ് പ്രഖ്യാപനം ചെയ്യുകയും 325ൽ നിഖ്യാസൂന്നഹദോസ് റോമ്മാ, അലക്സന്ത്ര്യാ, കുസ്തന്തീനോസ്പോലീസ്, അന്ത്യോക്യാ എന്നീ സിംഹാസനങ്ങളെ പാത്രിയർക്കാസിംഹാസനങ്ങളായി ഉയർത്തിയപ്പോൾ അവയ്ക്കു സമമായി ഉറപ്പിക്കുകയും ചെയ്തതു്. ആ സിംഹാസനമാകുന്നു 1912-ൽ മലങ്കരയിലേക്കു മാററി സ്ഥാപിക്കപ്പെട്ടതു്.

മാർ തോമ്മാശ്ലീഹാ എഡേസായിൽ എത്തിയ കാലത്തു വടക്കെ ഇൻഡ്യയിൽ പശ്ചിമഭാഗത്തു ഗൊണ്ടഫോറസ് എന്നൊരു രാജാവു നാടുവാണിരുന്നു. ഒരു ദിവസം അദ്ദേഹം സ്വപ്നത്തിൽ അതിമനോഹരമായ ഒരു കൊട്ടാരം കണ്ടു. ഉറക്കമുണർന്നപ്പോൾ മുതൽ അപ്രകാരം ഒരു കൊട്ടാരം പണിയിക്കണമെന്ന ആഗ്രഹം അദ്ദേഹത്തിൽ പ്രവേശിച്ചു. അദ്ദേഹത്തിന്റെ ഒരു വിദേശവ്യാപാരിയായിരുന്ന ഹാബാനെ അദ്ദേഹം വിളിച്ചു് അതു പണിയുവാൻതക്ക സമർത്ഥനായ ഒരു ശില്പിയെ കണ്ടുപിടിച്ചുകൊണ്ടുവരുവാൻ നിയോഗിച്ചു. ശില്പിയെ അന്വേഷിച്ചു ഹാബാൻ പല സ്ഥലങ്ങളിൽ സഞ്ചരിച്ചു് ഒടുവിൽ എഡേസായിൽ എത്തി * ശലോമോന്റെ കാലം മുതലെങ്കിലും ആ ദേശങ്ങളും ഇൻഡ്യയും തമ്മിൽ വാണിജ്യം നടന്നുകൊണ്ടിരുന്നു എന്നതു് ഇവിടെ പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ശില്പിയെ കണ്ടുകിട്ടാഞ്ഞതിനാൽ ഹാബാൻ മ്ലാനതനായിരിക്കവെ യേശുമ്ശിഹാ അദ്ദേഹത്തിനു പ്രത്യക്ഷപ്പെട്ടു. ശില്പകലയിൽ വിദഗ്ദ്ധനായ ഒരു ഭൃത്യൻ തനിക്കുണ്ടു് എന്നു യേശു അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹം ആശാഭരിതനായി ആ ഭൃത്യനെപ്പററി യേശുവിനോടു് അന്വേഷണം നടത്തി. തോമ്മായെ യേശു ഹാബാനു പരിചയപ്പെടുത്തി. ദുഷ്ടതകളുടെ ദേശത്തേക്കു് എന്നെ ഏകനായി അവിടുന്നു് അയയ്ക്കുന്നുവോ എന്നു തോമ്മാ യേശുവിനോടു ചോദിച്ചു. "തോമ്മാ, നീ ഭയപ്പെടേണ്ട: നീ പോകുന്നിടത്തൊക്കെയും ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും എന്നു തോമ്മായെ യേശു സമാശ്വസിപ്പിച്ചു. ഹാബാൻ തോമ്മായെ യേശുവിൽനിന്നു് ഇരുപതു വെള്ളിക്കാശിനു വാങ്ങി. ആ തുക യേശു തോമ്മായ്ക്കു കൊടുത്തു. അവർ പടകിൽ കയറി.

യാത്രയിൽ അവർ സോക്കോത്രാദ്വീപിലുള്ള അന്ത്രാപ്പോലീസ് എന്ന തുറമുഖത്തു് അടുത്തു. അതു് അവിടത്തെ രാജാവിന്റെ പുത്രിയുടെ വിവാഹദിവസം ആയിരുന്നു. പട്ടണത്തിലുള്ള സ്വദേശികളും വിദേശികളുമായ ഗണ്യന്മാരൊക്കെയും വിവാഹവിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു. ഹാബാനും തോമ്മായും വിരുന്നുശാലയിൽ ചെന്നു കസേരകളിൽ ഇരുന്നു. അപ്പോൾ വിരുന്നുകാരെ സന്തോഷിപ്പിക്കുന്നതിനു് ഒരു എബ്രായബാലിക കുഴലൂതി നൃത്തം ചെയ്തുകൊണ്ടു വിരുന്നുശാലയിൽക്കൂടി നടന്നു. എല്ലാവരും അവളെ നോക്കി പ്രശംസിച്ചു. എന്നാൽ അവൾ തോമ്മായുടെ അടുക്കൽ ചെന്നപ്പോൾ അദ്ദേഹം അവളെ പുകഴ്ത്തിയില്ല. എന്നാലോ അവളോടു ദൈവഭയം ഉപദേശിച്ചു. അവളെ അനുഗമിച്ചിരുന്ന പാനപാത്രവാഹകനു് അതു രസിച്ചില്ല. അയാൾ കോപിച്ചു് അദ്ദേഹത്തിന്റെ ചെകിട്ടത്തു് അടിച്ചു. "പരലോകത്തിൽ ദൈവം നി

* ഹാബാൻ യരുശലേം തെരുവീഥിയിൽ വച്ചു നമ്മുടെ കർത്താവിനെയും വി: തോമ്മായേയും കണ്ടുമുട്ടി എന്നു ബാറെബ്രായ മുതലായ ചരിത്രകാരന്മാർ പ്രസ്താവിക്കുന്നു. പ.

ന്നോട്ടു ക്ഷമിക്കട്ടെ; എന്നാൽ ഇവിടെ ദൈവം അത്ഭുതം പ്രവർത്തിക്കും. നിർദ്ദോഷിയായ എന്നെ അടിച്ച കൈ താമസിയാതെ തന്നെ ഒരു നായ് എടുത്തുകൊണ്ടു് ഇതിലെ നടക്കുന്നതു് എല്ലാവരും കാണും" എന്നു വിശുദ്ധൻ പറഞ്ഞു. ആ എബ്രായ ബാലിക അതു കേട്ടു ഗ്രഹിച്ചു. ഭരണികളിൽ വെള്ളം തീർന്നുതുടങ്ങിയപ്പോൾ പാനപാത്രവാഹകൻ വെള്ളം കോരിക്കൊണ്ടുവരുന്നതിനു് ഒരു കുളത്തിങ്കലേക്കു പോയി. ഒരു സിംഹം അയാളുടെമേൽ ചാടി വലത്തുകൈ കടിച്ചു പറിച്ചുകളഞ്ഞു. ഒരു കറുത്ത നായ് അതു കടിച്ചെടുത്തു വിരുന്നുശാലയിലേക്കു ചെന്നു. എല്ലാവരും അതു കണ്ടു. വിശുദ്ധന്റെ ശാപഫലമാണു് അതു് എന്നു ഗ്രഹിച്ച എബ്രായ ബാലിക ഓടിച്ചെന്നു് അദ്ദേഹത്തിന്റെ കാൽക്കൽ മുട്ടുകുത്തി, "അവിടുന്നു നസ്രായനായ ആ യേശുവാകുന്നുവോ" എന്നു് അദ്ദേഹത്തോടു ചോദിച്ചു. "അല്ല: ഞാൻ അവന്റെ ഒരു വിനീതദാസൻ മാത്രമാകുന്നു" എന്നു് അദ്ദേഹം മറുപടിപറഞ്ഞു. എല്ലാവരും അത്ഭുതപ്പെട്ടു തോമ്മാശ്ലീഹായുടെ ദൈവത്തെ സ്തുതിച്ചു. രാജാവിന്റെ അപേക്ഷപ്രകാരം അദ്ദേഹം വധൂവരന്മാരെ ആശീർവദിച്ചു.

ഹാബാനും തോമ്മായും യാത്ര തുടർന്നു് ഇൻഡ്യയിൽ എത്തി. ഹാബാൻ തോമ്മായെ രാജസന്നിധിയിൽ കൊണ്ടുചെന്നു. കൊട്ടാരത്തെക്കുറിച്ചു രാജാവു തോമ്മായോടു സംസാരിക്കുകയും സ്ഥാനസ്ഥലം കാണിക്കുകയും പണിക്കുവേണ്ട പണം അദ്ദേഹത്തെ ഏല്പിച്ചിട്ടു തന്റെ മഹാരാജ്യത്തിന്റെ വിവിധഭാഗങ്ങൾ സന്ദർശിക്കാൻ പോകയും ചെയ്തു. എന്നാൽ തോമ്മായാകട്ടെ കൊട്ടാരം പണിയാതെ പണം മുഴുവൻ അഗതികൾക്കു കൊടുക്കയത്രെ ചെയ്തതു്. കുറെക്കാലം കഴിഞ്ഞപ്പോൾ രാജാവു മടങ്ങിയെത്തി കൊട്ടാരത്തിന്റെ പണിയെപ്പററി അന്വേഷിച്ചു. എന്നാൽ അടിത്തറപോലും പണിയപ്പെട്ടിട്ടില്ല എന്നു് അറിഞ്ഞപ്പോൾ രാജാവിനു് ഇച്ഛാഭംഗം ഉണ്ടായി. തോമ്മാ ഒരു പുതിയമതം ഉപദേശിച്ചുകൊണ്ടും പണം മുഴുവൻ സാധുക്കൾക്കു കൊടുത്തുകൊണ്ടും സഞ്ചരിക്കുന്നു എന്നു രാജാവു് അറിഞ്ഞു. അദ്ദേഹം കുപിതനായി ഉടൻതന്നെ ഹാബാനെയും തോമ്മായെയും വിളിപ്പിച്ചു. കൊട്ടാരം പണിതു തീർന്നുവോ എന്നു രാജാവു തോമ്മായോടു ചോദിച്ചു: ഉവ്വ്, എന്നു തോമ്മാ മറുപടി പറഞ്ഞു. എന്നാൽ എപ്പോഴാണു് അതൊന്നു കാണാൻ പോകേണ്ടതു് എന്നു രാജാവു ചോദിച്ചു. ഇഹലോകം വിട്ടശേഷമല്ലാതെ അവിടുത്തേക്കു് ഇപ്പോൾ അതു കാണുവാൻ സാധിക്കയില്ല എന്നായിരുന്നു മറുപടി. അതു വഞ്ചനാപൂർവവും അപമാനകരവും ആണെന്നു രാജാവിനു തോന്നി. അദ്ദേഹം കോപിച്ചു ഹാബാനെയും തോമ്മായെയും തടവിലാക്കി. അവരെ എങ്ങനെ സംഹരിക്കേണ്ടു എന്നു് അദ്ദേഹം ആലോചനതുടങ്ങി. അവരുടെ ചതിപ്രയോഗം രാജാവിന്റെ ഹൃദയത്തെ ആഴമായി സ്പർശിച്ചു. രാജകുടുംബത്തിനു നേരിട്ട അപമാനത്തെക്കുറിച്ചു രാജസഹോദരനായ ഗാദിനു കൂടുതൽ വിഷമവും വിചാരവുമായി. അദ്ദേഹത്തിനു പനിപിടിച്ചു. രോഗം വേഗത്തിൽ വർദ്ധിച്ചു. അദ്ദേഹം മരിച്ചു.

ദൈവത്തിന്റെ ദൂതന്മാർ അദ്ദേഹത്തിന്റെ ആത്മാവിനെ സ്വർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ അനേകം വാസസ്ഥലങ്ങൾ അവർ അദ്ദേഹത്തെ കാണിച്ചു. അവയിലേതിൽ വസിക്കണമെന്നാണു് ആഗ്രഹം എന്നു് അവർ അദ്ദേഹത്തോടു ചോദിച്ചു. അതിവിശിഷ്ടമായ ഒരു മണിമന്ദിരം അദ്ദേഹം ചൂണ്ടിക്കാണിച്ചു. "അതു തരുവാൻ നിവൃത്തിയില്ല: അതു നിന്റെ സഹോദരനുവേണ്ടി തോമ്മാ പണിതിട്ടുള്ളതാണു്", എന്നു് അവർ മറുപടിപറഞ്ഞു. അതു കേട്ടപ്പോൾ ഭൂമിയിലേക്കു തിരിച്ചുചെന്നു രാജാവിനെ കണ്ടു വിവരം അറിയിക്കുവാൻ ഗാദു് അനുവാദം ചോദിച്ചു: അനുമതി നൽകപ്പെട്ടു.

മരിച്ചവന്റെ ശരീരം സംസ്കരിക്കപ്പെടുന്നതിനുള്ള ഒരുക്കങ്ങൾ നടക്കവെ, അദ്ദേഹത്തിന്റെ ആത്മാവു ശരീരത്തിലേക്കു മടങ്ങിയെത്തി. തബീഥായെപ്പോലെ ഗാദ് ഉയിർത്തെഴുന്നേററു. എല്ലാവരും അത്ഭുത-

പ്പെട്ടു. ഗൊണ്ടോഫോറോസ് രാജാവിനു വേണ്ടി സ്വർഗ്ഗത്തിൽ തോമ്മാ പണിത കൊട്ടാരം ദർശിച്ചവിവരം അദ്ദേഹത്തെ സഹോദരനായ ഗാദ് അറിയിച്ചു. ഉടൻ തന്നെ രാജാവു കാരാഗ്രഹത്തിൽചെന്നു തോമ്മായോടു മാപ്പപേക്ഷിക്കുകയും അദ്ദേഹത്തെയും ഹാബാനെയും സ്വതന്ത്രരാക്കുകയും ചെയ്തു. തോമ്മാ രാജകുടുംബത്തോടു ക്രിസ്തുവിനെ പ്രസംഗിച്ചു. ആ സഹോദരന്മാർ യേശുവിൽ വിശ്വസിച്ചു മാമോദീസാ മുഴുകി. അവരുടെ കൃപയ്ക്കും, വാഴ്‌വിനും നിത്യജീവനും വേണ്ടി അദ്ദേഹം അവർക്കു വി. കുർബ്ബാനയും കൊടുത്തു. എഡേസാക്കാരനായ ബർദേസനീസ് രണ്ടാം നൂററാണ്ടിൽ സുറിയാനിയിൽ എഴുതിയ "തോമ്മായുടെ പ്രവർത്തികൾ" എന്ന പുസ്തകത്തിൽ പ്രസ്താവിച്ചിട്ടുള്ള ഈ സംഭവം വിശ്വസിക്കുവാൻ പലരും വൈമനസ്യം പ്രദർശിപ്പിച്ചിരുന്നെങ്കിലും അടുത്തകാലത്തു കുഴിച്ചെടുക്കപ്പെട്ടിട്ടുള്ള നാണയങ്ങളിൽ ഒന്നാം ശതാബ്ദത്തിൽ വാണിരുന്ന ഗൊണ്ടോഫോറോസിന്റെ രൂപവും നാമവും ഉള്ളതിനാൽ അദ്ദേഹം ഒരു ചരിത്രപുരുഷൻതന്നെ ആയിരുന്നു എന്നു് ഇപ്പോൾ സമ്മതിക്കപ്പെട്ടിട്ടുണ്ടു്. ഇൻഡ്യയിൽ വടക്കുപടിഞ്ഞാറുള്ള ഗോണ്ടഫോറസിന്റെ രാജ്യത്തു തോമ്മാശ്ലീഹാ സ്ഥാപിച്ച സഭ നാമാവശേഷമായിപ്പോയതു പരിതാപകരംതന്നെ.

അപ്പോസ്തോലൻ അവിടെനിന്നും കടൽമാർഗ്ഗം തെക്കോട്ടു യാത്രചെയ്തു് 52-ാമാണ്ടു കൊടുങ്ങല്ലൂരിൽ ഇറങ്ങി. അക്കാലത്തു് ഒരു പ്രസിദ്ധ തുറമുഖമായിരുന്നു അതു്. അവിടംമുതൽ തെക്കോട്ടു പലസ്ഥലങ്ങളിൽ അദ്ദേഹം സുവിശേഷം പ്രസംഗിച്ചു. അദ്ദേഹത്തിന്റെ കർത്താവും ദൈവവുമായ യേശു അദ്ദേഹത്തോടുകൂടെയിരുന്നു. അദ്ദേഹത്തിന്റെ വചനങ്ങളെ അത്ഭുതങ്ങളാൽ ഉറപ്പിച്ചുകൊണ്ടിരുന്നു. തന്മൂലം സാധാരണ ഹൈന്ദവർ മാത്രമല്ല, ഉന്നതകുലജാതർ പോലും ക്രിസ്തുവിൽ വിശ്വസിച്ചു മാമോദീസാ മുഴുകി. അവരിൽ ശങ്കരപുരി, പകലോമററം, കള്ളി, കാളിയങ്കാവ് എന്നീ കുടുംബങ്ങൾ പ്രത്യേക പ്രസ്താവന അർഹിക്കുന്നു. പക്ഷേ സുവിശേഷവേലയിൽ മലങ്കരസഭ വിമുഖമായിരിക്കുവാൻ ഇടയായതു സഭയിലേക്കുണ്ടായ ആ ബ്രാഹ്മണപ്രവേശം മൂലം ആയിരുന്നു. താണജാതികളെ അവർ അകററിയാണല്ലോ നിറുത്തിയിരുന്നതു്.

മാർ തോമ്മാശ്ലീഹാ മലങ്കരയിൽ ഏഴരപള്ളികൾ സ്ഥാപിച്ചു എന്നാണല്ലോ പാരമ്പര്യം. അവ കൊടുങ്ങല്ലൂർ, പാലയൂർ, ഗോക്കമംഗലം, നിരണം, ചായൽ, കൊല്ലം എന്നീസ്ഥലങ്ങളിൽ സ്ഥാപിക്കപ്പെട്ട പള്ളികളും തിരുവിതാംകോട്ടു സ്ഥാപിതമായ കുരിശും ആകുന്നു.

തോമ്മാശ്ലീഹാ ഇൻഡ്യയിൽ ആയിരിക്കവെ അത്രെ 63-ാമാണ്ടു് കന്യസ്ത്രീയമ്മയുടെ മരണവും സ്വർഗ്ഗാരോപണവും സംഭവിച്ചതു് എന്നു് സാലാഹ്ഹകാരൻ ദനഹാ എന്നൊരാൾ ദൈവമാതാവിനെ കുറിച്ചു് 372-ാമാണ്ടു എഴുതിയിട്ടുള്ള ഒരു സുറിയാനിപ്പുസ്തകത്തിൽ കാണുന്നു. വി. ശ്ലീഹന്മാരിൽ അന്നു ജീവനോടിരുന്നവരോരോരുത്തരും സുവിശേഷം ഘോഷിച്ചുകൊണ്ടു് ഓരോ സ്ഥലത്തു സഞ്ചരിക്കയിൽ നിങ്ങളുടെ നാഥന്റെ മാതാവു മരിക്കാറായിരിക്കുന്നു എന്നു് പരിശുദ്ധ റൂഹാ അവരെ അറിയിക്കുകയും എത്യോപ്യാ ഷണ്ഡൻ, പീലിപ്പോസ് ശെമ്മാശ്ശനിൽ നിന്നു മാമോദീസാ സ്വീകരിച്ച ശേഷം ഇരുവരും വെള്ളത്തിൽനിന്നും കയറിയപ്പോൾ പീലിപ്പോസിനെ കർത്താവിന്റെ ആത്മാവു എടുത്തുകൊണ്ടുപോയപ്രകാരം—അവരോരോരുത്തരും ആകാശമേഘങ്ങളിന്മേൽ വി. മാതാവിന്റെ സന്നിധിയിലേക്കു ആനയിക്കപ്പെടുകയും ചെയ്തു. ദിവംഗതനായ ശ്ലീഹന്മാരും മാതാവിന്റെ അഭീഷ്ടാനുസരണം തങ്ങളുടെ ദിവ്യഗുരുവിന്റെ കൽപ്പനയാൽ ഉയിർത്തെഴുന്നേററു മാതൃസംവിധമണഞ്ഞു. മാർ തോമ്മാശ്ലീഹാ ഒഴിച്ചു്, മാർ പൗലൂസ് ശ്ലീഹാ ഉൾപ്പെടെ, എല്ലാ അപ്പോസ്തോലന്മാരും സമയത്തു അവിടെ എത്തി. മാതാവിന്റെ മരണനാഴിക സമീപിച്ചു. ഓയാറിൽ പരിമളവും പ്രഭയും വീശി. യേശുമ്ശിഹാ മാലാഖമാരോടുകൂടെ വന്നു. മാതാവു കണ്ണുകൾ അടച്ചു. ഭാഗ്യവതി ഭാഗ്യകരമായ മരണം

പ്രാപിക്കുകയും ഗത്സമേൻ തോട്ടത്തിൽ യഥാവിധി കബറടക്കപ്പെടുകയും ചെയ്തു.

തോമ്മാശ്ലീഹാ ഇൻഡ്യയിൽനിന്നും മേഘരഥത്തിന്മേൽ അവിടേക്ക് ആനയിക്കപ്പെട്ടപ്പോൾ മാലാകമാർ ഭാഗ്യവതിയെ ഉടലോടെ വാനത്തിലേക്കു കൊണ്ടുപോകുന്നതു കണ്ടു. വാഴ്ത്തപ്പെട്ടവളേ, നിൽക്കണമേ, എന്നെ അനുഗ്രഹിക്കണമേ എന്നു തോമ്മാശ്ലീഹാ നിലവിളിച്ചുപറഞ്ഞു. മാലാകമാരും മാതാവും അവിടെ ഓയാറിൽ നിന്നു. തോമ്മാശ്ലീഹാ അടുത്തുചെന്ന് അവളോടു സമാധാനം എന്നു പറകയും മാതാവ് അദ്ദേഹത്തെ അനുഗ്രഹിക്കയും ചെയ്തു. പറുദീസായിലേക്ക് അവളുടെ ശരീരം കൊണ്ടുപോകപ്പെട്ടു എന്നതിന്റെ ഉറപ്പിനായി തന്റെ മുഖശോശപ്പായും ഇടക്കെട്ടും മാതാവു അദ്ദേഹത്തിനു കൊടുത്തു. അദ്ദേഹം ഗത്സീമോനിൽ എത്തി. സഖികളായ ശ്ലീഹന്മാർ മറിയാമിന്റെ കബറിങ്കൽ കൂടിയിരിക്കുന്നതു അദ്ദേഹം കണ്ടു. മാതാവിന്റെ മരണവാർത്തയും തങ്ങൾ അവളെ അല്പം മുമ്പു അവിടെ കബറടക്കിയ വിവരവും അവർ അദ്ദേഹത്തോടു പറഞ്ഞു. ഇല്ല, മാതാവു മരിച്ചിട്ടില്ല എന്ന് അദ്ദേഹം വാദിച്ചു. നമ്മുടെ കർത്താവു ഉയിർത്തെഴുന്നേറ്റു എന്നു ഞങ്ങൾ പറഞ്ഞപ്പോൾ അതു നീ വിശ്വസിക്കാതിരുന്നപ്രകാരം മാതാവ് മരിച്ചിട്ട് ഇപ്പോൾ കബറടക്കിക്കഴിഞ്ഞു ഞങ്ങൾ ഇവിടെത്തന്നെ നിൽക്കുകയും കബറിടം കാണിക്കുകയും ചെയ്തിട്ടും നീ വിശ്വസിക്കുന്നില്ല. ഇതു മുമ്പേതന്നെയുള്ള നിന്റെ സ്വഭാവമാണ് എന്നു സഹശിഷ്യന്മാർ പറഞ്ഞു. എന്നാൽ കബർ തുറക്കുവിൻ ഞാൻ കാണട്ടെ പുണ്യവതിയിൽ നിന്നും നിങ്ങളെപ്പോലെ ഞാനും വാഴ്വ് പ്രാപിക്കട്ടെ എന്നു അദ്ദേഹം പറഞ്ഞു. അവർ കബർ തുറന്നു, അത്ഭുതം! മാതാവിന്റെ മൃതശരീരം അവിടെ കണ്ടില്ല. ഉടൻ അദ്ദേഹം ഉദ്ദേശപൂർവ്വം തന്റെ കയ്യിലുണ്ടായിരുന്നതും മാതാവ് ഓയാറിൽ വച്ചു തനിക്കു നൽകിയതുമായ അവളുടെ മുഖശോശപ്പായും ഇടക്കെട്ടും അവരെ കാണിച്ചു. അങ്ങനെ മാതാവിന്റെ സ്വർഗ്ഗാരോപണസത്യം അവർക്കു അദ്ദേഹം വെളിപ്പെടുത്തി. ഉയിർത്തെഴുന്നേറ്റ മിശിഹാതമ്പുരാന്റെ തിരുമാർവ്വിൽ കൈ ഇട്ടുകൊണ്ട് എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന് ഏറ്റുപറഞ്ഞു മനുഷ്യാവതാരസത്യം ഉറപ്പിച്ചതുപോലെ മാതാവിന്റെ സ്വർഗ്ഗാരോപണസത്യവും അദ്ദേഹം ഉറപ്പിച്ചു. അനന്തരം അദ്ദേഹം അങ്ങോട്ടു പോയ പ്രകാരം ഇൻഡ്യയിലേക്കു തിരിച്ചുപോന്നു.

ദൈവമാതാവിന്റെ നിര്യാണത്തിനു മരണം എന്നല്ല, ശൂനോയോ അഥവാ വാങ്ങിപ്പ് എന്നത്രെ മുമ്പിനാലേ പറഞ്ഞുവരുന്നത്. ആ പെരുന്നാളിലേക്കുള്ള ഒരു സുറിയാനിഗീതം ഈ സംഭവത്തിനു പിന്തുണ നൽകുന്നു. ("എട്ടുനോമ്പിൽ" എന്ന പുസ്തകത്തിന്റെ 63-ാം പുറം കാണുക)

മലങ്കരയിൽ പട്ടക്കാരെയും, ശങ്കരപുരി പകലോമറ്റം എന്നീ ശ്രേഷ്ഠകുടുംബങ്ങളിൽനിന്നു മേല്പട്ടക്കാരെയും വാഴിച്ചു സഭയെ ഉറപ്പിച്ചശേഷം മാർ തോമ്മാശ്ലീഹാ കിഴക്കേത്തീരത്തേക്കു സുവിശേഷയാത്രചെയ്തു. വഴിക്ക് മദ്രാസിനടുത്ത് ഒരു വനത്തിൽ ചില ഹൈന്ദവർ ബിംബങ്ങൾക്കു ബലികഴിക്കുന്നതു കണ്ടു. അവരോട് അദ്ദേഹം സത്യദൈവത്തെയും രക്ഷയുടെ മാർഗ്ഗത്തെയുംകുറിച്ചു പ്രസംഗിച്ചു. എന്നാൽ അവർ അതു ചെവിക്കൊണ്ടില്ല. ആകയാൽ അദ്ദേഹം ആ വനത്തെ ശപിച്ചു. അതു തീപിടിച്ചു ദഹിച്ചുപോയി. അവിടേക്കുള്ള വഴി മുട്ടിയ ശാന്തിക്കാർ കോപിച്ച് അദ്ദേഹത്തെ കൊല്ലുവാൻ നിശ്ചയിച്ചു. ഇപ്പോൾ സെന്റ് തോമസ് മൗണ്ട് എന്നു വിളിക്കപ്പെടുന്ന ഗിരിയിൽവച്ച് ഒരു എമ്പ്രാൻ അദ്ദേഹത്തെ കുന്തം കൊണ്ടു കുത്തി. അതു മരണകരമായ ഒരു മുറിവായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യർ അദ്ദേഹത്തെ മൈലാപ്പൂരിലേക്കു കൊണ്ടുപോയി. മൂന്നാംപക്കം—ക്രിസ്ത്വബ്ദം 72-ാമാണ്ടു ധനു 21-ാംതീയതി—അദ്ദേഹം അവിടെവച്ചു രക്തസാക്ഷിയായി കർത്താവിൽ നിദ്രയടഞ്ഞു; അവിടെ അടക്കപ്പെടുകയും ചെയ്തു. കാലം കടക്കവെ 165-ൽ എദേസ്സായിൽനിന്നും വിശ്വാസികൾ വന്ന് അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ അവിടേക്കു കൊണ്ടുപോകയും കർക്കടകം 3-ാംതീയതി അവിടെ നിക്ഷേപിക്കുകയും ചെയ്തു.

തന്മൂലം കർക്കടകം 3-ാംതീയതി ആ ദേശക്കാർക്കു പരിശുദ്ധന്റെ ഓർമ്മപ്പെരുനാൾ ആയിത്തീർന്നു. ക്രിസ്ത്വബ്ദം 345-ാമാണ്ടു ക്നായി തോമ്മായും അനുയായികളും ഇവിടെ കുടിയേറിപ്പാർത്തപ്പോൾമുതൽ ആ തീയതി ഇവിടെയും അദ്ദേഹത്തിന്റെ ദുക്റാനാ ദിവസമായി ഭവിച്ചു. എന്നാൽ അദ്ദേഹത്തിന്റെ സാക്ഷാൽ ഓർമ്മദിവസം ധനു 21-ാംതീയതി ആകുന്നു. പരിശുദ്ധൻ രക്തസാക്ഷിമരണം പ്രാപിച്ചിട്ട് 1972-ാമാണ്ടു പത്തൊൻപതു നൂറ്റാണ്ടുകൾ തികയു

നാതാണ്. അപ്പോൾ അന്നുള്ളവർ പരിശുദ്ധൻെറ രക്തസാക്ഷിമരണത്തിൻെറ പത്തൊൻപതാം ശതാബ്ദജൂബിലി ഭക്തിസംവർദ്ധകമായി ആഘോഷിക്കുമെന്നു പ്രതീക്ഷിക്കുന്നു. പരിശുദ്ധന്മാരുടെ ഓർമ്മ പരിശുദ്ധന്മാരുടെ സംഖ്യയേയും മിഷ്യനറിമാരുടെ സ്മരണ മിഷ്യനറിമാരുടെ എണ്ണത്തേയും വർദ്ധിപ്പിക്കുന്നില്ലെങ്കിൽ എന്തു പ്രയോജനമുള്ളു?

മാർ തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സുവിശേഷവേലയെപ്പററി സംശയിക്കുന്നവർ ഉണ്ടെങ്കിലും ഭാഗ്യവാൻെറ ചരമ കബറിടം ഉള്ളതായി മററൊരു ദേശവും അവകാശപ്പെടുന്നില്ല. ചരിത്രാന്വേഷികളുടെ പണ്ഡിതാഭിപ്രായം പത്രോസ് റോമ്മായിൽവച്ചു മരിച്ചു എന്നതിനുള്ള പ്രകാരംതന്നെയുള്ള തെളിവുകൾ മാർ തോമ്മാശ്ലീഹാ ഇന്ത്യയിൽവച്ചു മരിച്ചു എന്നതിനും ഉണ്ട് എന്നത്രെ. ആകയാൽ മലങ്കരസഭ ഇൻഡ്യയിലെ ഏററവും പുരാതന സഭ ആകുന്നു. യറുശലേം, അന്ത്യോക്യാ, റോമ്മാ, കൊരിന്ത്യ മുതലായ പുതിയനിയമ പ്രസ്താവിതസഭകളെക്കാൾ അപ്പസ്തോലികത്വത്തിലും പുരാതനത്വത്തിലും മലങ്കരസഭയ്ക്കു യാതൊരു കുറവും ഇല്ല എന്നു നമുക്ക് അഭിമാനിക്കുവാൻ തക്കവണ്ണം മാർ തോമ്മാശ്ലീഹായെ നമ്മുടെ അടുക്കലേക്ക് അയച്ച മാറാൻ യേശുമ്ശിഹാതമ്പുരാന് എന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ.

കണ്ടാലും, ആകാശം നക്ഷത്രങ്ങളാൽ അലംകൃതമായിരിക്കുന്നു: ഭൂമി സസ്യങ്ങളാൽ ഭൂഷിതമായിരിക്കുന്നു: എന്നാൽ മാർ തോമ്മാശ്ലീഹാ അദ്ദേഹത്തിൻെറ ചങ്കിലെ രക്തത്താൽ അലങ്കരിക്കപ്പെട്ടിരിക്കുന്നു. ആകാശവും അതിലെ നക്ഷത്രങ്ങളും മാഞ്ഞുപോകും: ഭൂമിയും അതിലെ സസ്യങ്ങളും ഇല്ലാതാകും: എന്നാൽ മാർ തോമ്മാശ്ലീഹായുടെ ഓർമ്മ എന്നാളും നിലനിൽക്കും. നമ്മുടെ ദേശത്തേക്കുള്ള അദ്ദേഹത്തിൻെറ ആഗമനത്തിൻെറ പത്തൊമ്പതാം ശതാബ്ദജൂബിലിയാഘോഷം, ആർക്കും ഏതു മതവും പാലിക്കുന്നതിനും പഠിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും തടസ്സമില്ലാത്ത സ്വതന്ത്ര ഇൻഡ്യയിൽ, നമ്മുടെ അനേകം യുവാക്കൾക്ക് അദ്ദേഹത്തെപ്പോലെയുള്ള പ്രതിഷ്ഠാജീവിതത്തിനും സുവിശേഷവേലയ്ക്കും പ്രേരകമായി ഭവിക്കട്ടെ.

മാർത്തോമ്മാശ്ലീഹായുടെ കാലത്തെ മലങ്കരയിലെ വി. കുർബ്ബാന.

(ഏബ്രഹാം സഖറിയാ, ചെമ്പകമഠം)

വി. ശ്ലീഹാ ഇൻഡ്യയിൽ മാർഗ്ഗം അറിയിച്ചു എന്ന പാരമ്പര്യം ലഭിച്ചിട്ടുള്ളിടത്തോളം ചരിത്രരേഖകളും ആധാരമാക്കി ലോകത്തിലെ എല്ലാ ക്രൈസ്തവസഭകളും വിശ്വസിക്കുന്നു. * ഈ ലേഖനംകൊണ്ട് ഉദ്ദേശിക്കുന്നതു ശ്ലീഹായുടെ കാലത്തു മലങ്കരയിൽ വി. കുർബ്ബാന അർപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനുപയോഗിച്ച "ക്രമം" ഏതു? ഭാഷ ഏതു? എന്നു നിരൂപണബുദ്ധ്യാ ചിന്തിക്കുക എന്നുള്ളതാണ്. മാർത്തോമ്മാശ്ലീഹാ ഇവിടെ വി. കർബാന അർപ്പിച്ചിട്ടുണ്ട് എന്ന് ആരെങ്കിലും ഖണ്ഡിതമായി പറഞ്ഞാൽ ആ പ്രസ്താവനയിൽ ചിലർക്ക് അതിശയമോ മററു ചിലർക്കു അവിശ്വാസമോ തോന്നാൻ വകയുണ്ട്. എന്നാൽ നിഷ്പക്ഷാന്വേഷകർ ചരിത്രസ്ഥിതികളുടെ വെളിച്ചത്തിലൂടെ വിവാദവിഷയങ്ങളെ സമീപിച്ചു സ്വീകാര്യങ്ങളായ നിഗമനങ്ങളിൽ എത്തിച്ചേരുന്നതു ന്യായമാണ്. അങ്ങിനെയുള്ള നിഗമനങ്ങളെ നിരൂപകന്മാർ തെളിവുകൾ കാണിച്ചു നിഷേധിക്കുന്നെങ്കിൽ

* ഈ വിശ്വാസത്തിനെതിരായി ചില ന്യായങ്ങൾ അടുത്തകാലത്തു ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ആ എതിർവാദങ്ങളെ സവിസ്തരം വിമർശിച്ചു ഖണ്ഡിച്ചുകൊണ്ടു ഒരു ലേഖനപരമ്പര "മലങ്കരസഭ"യുടെ മുൻ ലക്കങ്ങളിൽ ഞാൻ എഴുതിയിരുന്നു.

അതു കൂടുതൽ പ്രയോജനകരവും പുതിയ തെളിവുകളെ ആരായുന്നതിന് ഇരുപക്ഷക്കാർക്കും അതു പ്രചോദകവുമായിരിക്കും.

1. മാർത്തോമ്മാശ്ലീഹാ ഇവിടെ വി: കുർബാന അർപ്പിച്ചിട്ടുണ്ടോ? നമ്മുടെ കർത്താവു യറുശലേമിൽവച്ച് അപ്പം എടുത്ത് വാഴ്ത്തി ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് "ഇതു നിങ്ങൾക്കുവേണ്ടി നൽകുന്ന എന്റെ ശരീരം. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വിൻ" (ലൂക്കോ. 22:19) എന്നു കല്പിച്ചു ഈ വി. മേശയിൽ സംബന്ധിച്ച ശിഷ്യന്മാർ മാർഗ്ഗം അറിയിച്ച എല്ലാ സ്ഥലത്തും ആ തിരുവത്താഴശുശ്രൂഷ നടത്തുകയും തദ്വാരാ കർത്താവിന്റെ ഓർമ്മ തുടർന്നു കൊണ്ടാടുകയും ചെയ്തു എന്നതിൽ പക്ഷാന്തരത്തിനു വകയില്ല. ഒന്നാംശതകത്തിലെ ഈ ആരാധനാസമ്പ്രദായത്തെ വി. യുസ്തീനോസ് സാക്ഷിക്കുന്നു. "ഞായറാഴ്ച ഗ്രാമങ്ങളിലും പട്ടണങ്ങളിലും നിന്നു ജനം ഒന്നിച്ചുകൂടും.........തദനന്തരം ഞങ്ങൾ എല്ലാം എഴുന്നേറ്റു പ്രാർത്ഥിക്കുന്നു. പിന്നെ അപ്പവും വെള്ളവും വീഞ്ഞും കൊണ്ടുവരികയും കൂദാശാപ്രാർത്ഥന അർപ്പിക്കയും ചെയ്യുന്നു." അങ്ങിനെ ഇൻഡ്യയുടെ അപ്പോസ്തോലനാം അദ്ദേഹം പള്ളി സ്ഥാപിച്ച പ്രദേശങ്ങളിൽ, ആ ഊർശ്ലേം സഭയുടെ മാതൃകയെ തുടർന്ന് ഈ ദിവ്യബലി അർപ്പിച്ചു എന്നു ന്യായമായി ഊഹിക്കാം.

2. വി: കുർബാനയ്ക്കു ശ്ലീഹാ ഉപയോഗിച്ചിരുന്ന ഭാഷ ഏതു? അപ്പോസ്തോലൻ അന്ന് ആരാധനയ്ക്ക് ഉപയോഗിച്ചതു് ഒന്നുകിൽ ഇവിടത്തെ അന്നത്തെ നാട്ടുഭാഷ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ സംസാരഭാഷയായ സുറിയാനി; എന്നല്ലാതെ മൂന്നാമതു് ഒരു ഭാഷയായിരുന്നോ എന്ന പ്രശ്നത്തിനു പ്രസക്തിയില്ല. അതുകൊണ്ട് ആദ്യത്തെ രണ്ടിൽ ഏതാണ് ഉപയോഗിച്ചതെന്നേ ഇവിടെ ആരായേണ്ടതുള്ളു.

നമ്മുടെ കർത്താവും ശ്ലീഹന്മാരും സംസാരഭാഷയായി ഉപയോഗിച്ചിരുന്നതു് അറാമായ സുറിയാനിയായിരുന്നു എന്നു ക്രൈസ്തവലോകം പൊതുവെ സമ്മതിക്കുന്നുണ്ട്. ഏലോഹി, ലമ്മാ, സബക്താനി, അബ്ബാ തുടങ്ങിയ പദപ്രയോഗങ്ങൾ നമ്മുടെ കർത്താവു സംസാരിച്ച രൂപത്തിൽ തന്നെ വേദപുസ്തകത്തിൽ ഉണ്ട്. ആ നിലയ്ക്കു കർത്താവു വി. കുർബ്ബാന സ്ഥാപിപ്പാൻ ഉപയോഗിച്ച ഭാഷയും; അനന്തരം ശ്ലീഹന്മാർ ഊർശലേമിൽവച്ചു വി: കുർബ്ബാനയ്ക്കു് ഉപയോഗിച്ച ഭാഷയും സുറിയാനിയായിരുന്നു എന്നു വിശ്വസിക്കുന്നതു ന്യായമാണ്. അങ്ങിനെ വി: തോമ്മാശ്ലീഹാ ഊർശലേമിൽവച്ച് ഉപയോഗിച്ച ഭാഷ മലങ്കരെ വന്നശേഷം ഉപേക്ഷിച്ചു എന്നു വിചാരിപ്പാൻ ന്യായം കാണുന്നില്ല. പ്രത്യുത, ഇവിടെ ആരാധനയ്ക്കു ശ്ലീഹായുടെ സംസാരഭാഷ ഉപയോഗിച്ചു എന്നുവേണം വിചാരിക്കേണ്ടതു്.

ഒരുപക്ഷേ, ശ്ലീഹാ നാട്ടുഭാഷയായിരുന്നു ഉപയോഗിച്ചതു് എന്നു വിശ്വസിപ്പാൻ അദ്ദേഹത്തിനു നാട്ടുഭാഷ അറിയാമായിരുന്നു എന്നതിനു തെളിവുണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. കൂടാതെ അദ്ദേഹം തന്നെ നാട്ടുഭാഷയാണുപയോഗിച്ചിരുന്നതെങ്കിൽ ശ്ലീഹായിൽനിന്നു നേരിട്ടു നാട്ടുഭാഷയിൽ ആരാധന പരിചയിച്ച പൂർവിക മലങ്കരനസ്രാണികൾ തൽസ്ഥാനത്ത് ഒരു വിദേശഭാഷയായ സുറിയാനി പിൽക്കാലത്തു പ്രതിഷ്ഠിച്ചു എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ആ നാട്ടുഭാഷയിലുള്ള ആരാധനാക്രമത്തിന്റെ ഒരു രൂപമോ, ശേഷിപ്പോ, സൂചനപോലുമോ ഇന്നു മലങ്കരയിൽ കാൺമാനില്ല.

ഇനിയും, നാട്ടുകാർക്കു മനസ്സിലാകാത്ത ഒരു ഭാഷയിൽ ശ്ലീഹാ വി. കുർബാന നടത്തി എന്നു വിചാരിപ്പാൻ ന്യായമുണ്ടോ എന്ന് ഒരു ചോദ്യം ശേഷിക്കുന്നു. അതിനു മറുപടിയായി, ഇവിടെ ഒരു നല്ല പങ്ക് ആളുകൾക്കു സുറിയാനി മനസ്സിലാകുമായിരുന്നു എന്നു വാദിക്കുന്ന ചരിത്രനിരൂപകന്മാരുണ്ട്. എന്തായാലും ആ വാദം അത്ര സ്വീകാര്യമെന്നു തോന്നുന്നില്ല. പക്ഷേ സുറിയാനി മനസ്സിലാകുന്ന കുറെപ്പേർ മലങ്കരയിൽ ഉണ്ടായിരുന്നു എന്നതിൽ തർക്കമില്ല. മലബാർ തീരങ്ങളിൽ ക്രിസ്തുവർഷാരംഭത്തിനു മുമ്പുതന്നെ അറാമായ സംസാരിക്കുന്ന യൂദന്മാർ കുടിയേറിപ്പാർക്കുന്നുണ്ടായിരുന്നു. ക്രി

ടാതെ മധ്യപൂർവദേശങ്ങളുമായി വളരെ മുമ്പുമുതലേ കേരളം വാണിജ്യബന്ധം പുലർത്തിപ്പോന്നിരുന്നു. മലങ്കര നസ്രാണികളിൽ ചുരുക്കപ്പേർക്കു് എങ്കിലും സുറിയാനി വശമായിരുന്നു എന്നതിനു മറ്റൊരു തെളിവു രണ്ടാംശതകത്തിൽ ഇവിടെ കണ്ടതായി പറയുന്ന അറാമായ സുറിയാനിയിലുള്ള വി. മത്തായിയുടെ സുവിശേഷമാണു്.

ഏതാദൃശകാരണങ്ങളാൽ ശ്ലീഹാ അദ്ദേഹത്തിന്റെ സംസാരഭാഷയായ സുറിയാനിയിൽ വി: കുർബാന നടത്തി എന്നു വിചാരിക്കുന്നതു് അനുചിതമല്ല.

3. വി. ശ്ലീഹാ മലങ്കരയിൽ ആരാധനയ്ക്കു് ഉപയോഗിച്ച "ക്രമം" ഏതു്? മാർത്തോമ്മാശ്ലീഹാ യാതൊരു പ്രത്യേക ക്രമവും ഇവിടെ ഉപയോഗിച്ചില്ല എന്നു തോന്നിയേക്കാം. എന്നാൽ മാർത്തോമ്മായോ മററു ശ്ലീഹന്മാരോ യാതൊരു പ്രത്യേക ക്രമവും എങ്ങും ഉപയോഗിച്ചില്ല എന്നും ഓരോരുത്തരും അവരവർക്കു തോന്നിയ രീതിയിൽ വി. കുർബാന നടത്തി എന്നും വിചാരിക്കുന്നതു ക്ലിഷ്ടമല്ലേ?

എല്ലാ തക്സാകളിലും ഏററവും പുരാതനമായതു വി. യാക്കോബിന്റെ തക്സാ എന്നാണു പൗരസ്ത്യരും പാശ്ചാത്യരും വിശ്വസിക്കുന്നതു്. റോമൻതക്സായിൽപോലും ഈ സുറിയാനിതക്സായിലെ പ്രാർത്ഥനകൾ കടം എടുത്തിട്ടുണ്ടെന്നു ഫാദർ ഗ്രിഗറി ഡിക്സ് പറയുന്നു. (Shape of Liturgy P. 8) വി. യാക്കോബിന്റെ തക്സായുടെ അധികൃതത്വത്തെ സംബന്ധിച്ചു യാക്കോബുശ്ലീഹാ പറയുന്നതു 'നമ്മുടെ കർത്താവിന്റെ വായിൽനിന്നു കേട്ടതും പഠിച്ചതുമായ ആദ്യത്തെ കുർബാന ഇതാണു്. അതിൽ ഒന്നും ഞാൻ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്തിട്ടില്ല എന്നതിനു ദൈവം സാക്ഷി"(Quoted in "A Critical Study of Primitive Liturgies" P. 37 and commentary on St Jame's Liturgy by Dionysius Bar Salib). തക്സാകൾ എല്ലാംതന്നെ 4-ാംശതകത്തോടുകൂടിയാണു രൂപമെടുത്തതെന്നും തന്നിമിത്തം വി. യാക്കോബിന്റേതെന്നു പറയപ്പെടുന്ന തക്സാ യാക്കോബുശ്ലീഹായുടേതെന്ന വിശ്വാസം ദുർബലമാണെന്നും (exploded position) ചിലർക്കു് അഭിപ്രായമുണ്ടു്. 4-ാംശതകത്തിന്റെ മധ്യത്തിൽ തക്സാകൾ വ്യവസ്ഥിതരൂപം കൈക്കൊള്ളുകമാത്രമായിരുന്നു എന്നല്ലാതെ പ്രാകൃതവും അവ്യവസ്ഥിതവുമായ രൂപത്തിൽ 4-ാംശതകത്തിനു മുമ്പു തക്സാകൾ ഉണ്ടായിരുന്നു എന്നുള്ളതു നിഷേധിക്കാവുന്നതല്ല. അങ്ങിനെ, ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനും + ശ്ലീഹായും സഹദായുമായ യാക്കോബ് ○ സർവസഭകളുടേയും മാതാവായ യരുശലേംസഭയിൽവച്ചു (ആ യരുശലേമിൽവച്ചു നമ്മുടെ കർത്താവു കാണിച്ച മാതൃകയിൽതന്നെ) വി. കുർബാന അർപ്പിച്ചു എന്നും ശ്ലീഹന്മാർ പോയ സ്ഥലങ്ങളിൽ ആ മാതൃക സ്വീകരിച്ചിരിക്കാൻ ന്യായമുണ്ടെന്നും അനുമാനിക്കാം. ഈ അവ്യവസ്ഥിതമായ യാക്കോബിന്റെ തക്സാ മലങ്കരയിൽ വി. ശ്ലീഹാ ഉപയോഗിച്ചു എന്നു വിചാരിക്കണം. പ്രസ്തുത ക്രമത്തിലെ പ്രധാന ഭാഗമായ act of institution (അപ്പവും വീഞ്ഞും വാഴ്ത്തുന്ന സ്ഥാപനാവചനം:- പാപമില്ലാത്ത താൻ പാപികളായ നമുക്കു വേണ്ടി മരണം കൈക്കൊള്ളുവാൻ ഒരുങ്ങിയപ്പോൾ തന്റെ തൃക്കൈകളിൽ അപ്പം താൻ എടുത്തു വാഴ്ത്തി ശുദ്ധീകരിച്ചു ശിഷ്യന്മാർക്കു കൊടുത്തു; "ഇതിൽനിന്നു വാങ്ങി ഭക്ഷിപ്പിൻ. ഇതു നിങ്ങൾക്കും പലർക്കും വേണ്ടി പാപങ്ങളുടെ പരിഹാരത്തിനും നിത്യജീവനുമായി കണ്ടിക്കപ്പെടുന്ന എന്റെ ശരീരം ആകുന്നു". അപ്രകാരംതന്നെ കാസായും എടുത്തു. ..."ഇതിൽനിന്നു വാങ്ങി കുടിപ്പിൻ. ഇതു നിങ്ങൾക്കും പലർക്കുംവേണ്ടി പാപങ്ങളുടെ പരിഹാരത്തിനും നിത്യജീവനുമായി ചൊരിയപ്പെടുന്ന എന്റെ രക്തം ആകുന്നു". യാക്കോബിന്റെ തക്സാ

x അ. പ്ര 15:13,14, ഗലാ 2:9, 12, അ.പ്ര.12:17

○ ഈ മാതൃസഭയുടെ സുന്നഹദോസാണു എ.ഡി 231-ൽ നിഖ്യായിൽവച്ചു നാലു വലിയ മെത്രാപ്പോലീത്തന്മാർ (പാത്രിയർക്കീസന്മാർ, ഉണ്ടാകുന്നതിനു 94 വർഷം മുമ്പ്—കിഴക്കിനു മെത്രാന്മാരെ വാഴിക്കുവാനുള്ള അവകാശത്തോടുകൂടിയ കിഴക്കിന്റെ കാതോലിക്കായെ അവരോധിക്കുന്നതു്. ഈ തീരുമാനത്തെ നിഖ്യാ കാനോനാകൾ സ്വീകരിക്കയും ഉറപ്പിക്കയും ചെയ്തു.

ബർ കീപ്പായുടെ തക്സാവ്യാഖ്യാനത്തിൽനിന്ന്) യാക്കോബ് പ്രസ്താവിക്കുന്നപ്രകാരംതന്നെ നമ്മുടെ കർത്താവു പറഞ്ഞതായി വി. അപ്പോസ്തോലൻ കേട്ടതാകയാൽ ആ സ്ഥാപനാവാക്യം ദിവ്യബലിക്കായി മലങ്കരയിൽ ഉപയോഗിക്കയും അതു തന്റെ പിൻഗാമികളെ ഭരമേല്പിക്കയും ചെയ്തു എന്ന അനുമാനം പുതിയനിയമപരവും ഏററവും സയുക്തികവുമാണ്.

മാർത്തോമ്മാശ്ലീഹായുടെ വേല പൂർത്തിയാകുക.

മൂക്കഞ്ചേരിൽ പത്രോസുറമ്പൻ ബി.എ. ബി.ഡി., എൽ. ററി.

ക്രിസ്തുമതം മററു മതങ്ങളെപ്പോലെയല്ല. മററു മതങ്ങൾ ദൈവത്തെ സംബന്ധിച്ചുള്ള ജ്ഞാനം മനുഷ്യർക്ക് ഏറെക്കുറെ കൊടുക്കുന്നുണ്ടെങ്കിലും സകല മതങ്ങളുടെയും പരിപൂർണ്ണത ക്രിസ്തുമതത്തിലാണ് അടങ്ങിയിരിക്കുന്നത്. ദൈവത്തിന്റെ ഏകപുത്രനായ മിശിഹാതമ്പുരാനാണു നമ്മുടെ മതത്തിന്റെ സ്ഥാപകൻ. "ഞാൻ വഴിയും സത്യവും ജീവനുമാകുന്നു, എന്നിൽക്കൂടിയല്ലാതെ ഒരുവനും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല" എന്നു മിശിഹാതമ്പുരാൻ കല്പിച്ചിരിക്കുന്നു. അതിനാൽ ക്രിസ്തുമതം എന്ന ഏക വഴിയിൽക്കൂടിയല്ലാതെ ഒരു ആത്മാവിനു മോക്ഷം ലഭിക്കുന്നതിനു സാധിക്കുന്നില്ല. മനുഷ്യന്റെ ജീവിതോദ്ദേശംതന്നെ മോക്ഷപ്രാപ്തിയാണല്ലോ. "ഒരുവൻ ലോകം മുഴുവനും നേടിയിട്ടു തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തുന്നു എങ്കിൽ അവന് എന്തു പ്രയോജനമുള്ളു?" അതുകൊണ്ടു മനുഷ്യാത്മാവു വളരെ വിലയുള്ളതാണെന്നും, അതു സാക്ഷാൽ ജ്ഞാനം എന്തെന്ന് അറിയാതെ നിത്യമായ നാശത്തിലേക്കു വീഴുവാൻ ഇടയാകരുതെന്നും നാം മനസ്സിലാക്കണം. ഈ സംഗതി നമുക്കു മനസ്സിലായാൽ മിശിഹാതമ്പുരാന്റെ കുരിശുമരണത്തിന്റെ രഹസ്യവും, തന്നെ പിന്തുടർന്ന്, സർവവും ഉപേക്ഷിച്ച്, സകല കഷ്ടതകളും സഹിച്ച്, ആത്മാക്കളുടെ രക്ഷയെപ്പററിയുള്ള വൈരാഗ്യത്തോടുകൂടി സുവിശേഷകന്മാർ ലോകം മുഴുവനും സഞ്ചരിക്കുന്നതിന്റെ രഹസ്യവും നാം ധരിച്ചുകഴിയും.

"നിങ്ങൾ ഭൂലോകമെങ്ങും പോയി സകല സൃഷ്ടികൾക്കും സുവിശേഷം പ്രസംഗിപ്പിൻ" എന്നുള്ള നമ്മുടെ രക്ഷകന്റെ അന്ത്യകല്പനയെ തന്റെ അടുക്കൽനിന്നു കേൾക്കുകയും അനുസരിക്കുകയും ചെയ്ത പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരാളായിരുന്നു മാർത്തോമ്മാശ്ലീഹാ. നമ്മുടെ കർത്താവിന്റെ ഉയിർത്തെഴുന്നേല്പുകഴിഞ്ഞു താൻ ശിഷ്യന്മാർക്കു കാണപ്പെട്ടപ്പോൾ വെറും ശബ്ദംകൊണ്ടു മാത്രം വിശ്വസിക്കാതെ തന്റെ വിലാവിൽ കൈകടത്തിനോക്കിയതിനുശേഷം മ ശ്ലീഹാ വിശ്വസിച്ചുള്ളു. നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ഊർശ്ലേമിൽ ശ്ലീഹന്മാർ സംഘംകൂടി ലോകത്തിലെ രാജ്യങ്ങൾ ചിട്ടിയിട്ട് ഓരോരുത്തർക്കായി ഭാഗിച്ചെന്നും ദൂരദേശമായ ഇന്ത്യാരാജ്യം മാർത്തോമ്മാശ്ലീഹായ്ക്കു ലഭിച്ചെന്നും, "ഇന്ത്യയിലേക്കു കഴികയില്ല, വേറെ എവിടെയെങ്കിലും പൊയ്ക്കൊള്ളാം" എന്നു ശ്ലീഹാ പറഞ്ഞെന്നും, പിറേറദിവസം ഇന്ത്യയിലെ ഒരു രാജാവിന് ഒരു കൊട്ടാരം പണിയേണ്ട ആവശ്യത്തിന് ഒരു ദൂതൻ ഒരു ശില്പശാരിയെ അന്വേഷിച്ചു നടക്കുമ്പോൾ മാർത്തോമ്മാശ്ലീഹായെ കണ്ടുമുട്ടിയെന്നും, താൻ ഇന്ത്യയിലേക്കു പോയി കൊട്ടാരം പണിതുകൊള്ളാമെന്നു സമ്മതിച്ചെന്നും മററുമാണ് ഐതിഹ്യം. പത്രോസ്ശ്ലീഹാ അന്ത്യോഖ്യായിലും മർക്കോസ് ഏവൻഗേലിസ്ഥാ അലക്സന്ത്രിയായിലും സഭ സ്ഥാപിച്ചതുപോലെ മാർത്തോമ്മാശ്ലീഹാ ഇൻഡ്യയിൽ സഭ സ്ഥാപിച്ചു. എന്നാൽ അനേകം ലക്ഷ്യങ്ങളാൽ ഇന്ത്യയിൽതന്നെയാണ്, പ്രത്യേകിച്ചു തെക്കെ ഇന്ത്യയിലാണു താൻ വേല ചെയ്തതെന്നു സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ക്രിസ്താബ്ദം മൂന്നാംനൂററാണ്ടിൽ എഴുതപ്പെട്ട

"തോമ്മായുടെ നടപ്പുകൾ" എന്ന പുസ്തകത്തിൽ താൻ കണ്ടപ്പരാജാവിന്റെ കാലത്താണു് ഇന്ത്യയിൽ വന്നതെന്നു പറഞ്ഞിട്ടുണ്ടു്. ഈ കണ്ടപ്പരാജാവു വെറും കൽപ്പിതപുരുഷൻ ആണെന്നാണു കുറെക്കാലം മുമ്പുവരെ പണ്ഡിതന്മാർ ധരിച്ചിരുന്നതു്. എന്നാൽ കുഴിച്ചെടുക്കപ്പെട്ട ചില നാണയങ്ങളിൽ രാജാവിന്റെ പടവും പേരും കാണുകയാൽ അദ്ദേഹം യഥാർത്ഥത്തിൽ ഒന്നാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഒരാളായിരുന്നു എന്നു പണ്ഡിതന്മാർക്കു ബോദ്ധ്യമായി. രണ്ടാംനൂററാണ്ടിൽ അലക്സന്ത്രിയായിൽ നിന്നു വന്ന പന്തീനോസ് ഇന്ത്യയിൽ ക്രിസ്ത്യാനികളെയും മത്തായി എഴുതിയ ഒരു സുവിശേഷത്തെയും കണ്ടതായി പറഞ്ഞിരിക്കുന്നു. 373-ൽ മരിച്ച മൽപ്പാനായ മാർ അപ്രേം ഒരു സുറിയാനിഗീതത്തിൽ മാർത്തോമ്മാശ്ലീഹായെപ്പററി ഇന്ത്യയുടെ ശ്ലീഹാ എന്നു പ്രസ്താവിച്ചിരിക്കുന്നു. നിഖ്യാസുന്നഹദോസിലെ 318 ബാവാന്മാരിൽ ഒരാൾ "പേർഷ്യയുടെയും ഇന്ത്യയുടെയും മെത്രാപ്പൊലീത്തായായ യോഹന്നാൻ" എന്ന പേരുവച്ചു് ഒപ്പിട്ടതായി രേഖയുണ്ടു്. ഇതിൽനിന്നു നാലാംനൂററാണ്ടിനു മുമ്പ് ഒരു ക്രിസ്തുസഭ ഇൻഡ്യയിൽ ഉണ്ടായിരുന്നതായി തെളിയുന്നുണ്ടു്. മലങ്കരസഭയുടെ സ്ഥാപകൻ മാർത്തോമ്മാശ്ലീഹായാണെന്നു സുസ്ഥിരമായ ഒരു പാരമ്പര്യം കേരളത്തിൽ ഉള്ളതാണല്ലോ. നൂറുകൊല്ലം മുമ്പു കോഴിക്കോട്ടും കോയമ്പത്തൂരും കണ്ടുകിട്ടിയ ചില റോമൻ നാണയങ്ങളിൽനിന്നു, പത്തൊമ്പതു നൂററാണ്ടുകൾക്കു മുമ്പ് ഇന്ത്യയും റോമാസാമ്രാജ്യവും തമ്മിൽ കച്ചവടസംബന്ധമായി ധാരാളം സഹവാസം ഉണ്ടായിരുന്നതായി തെളിഞ്ഞിട്ടുണ്ടു്. സിറിയായിൽനിന്നു പോന്ന ഒരു കച്ചവടക്കപ്പലിൽ ആയിരിക്കണം ശ്ലീഹാ കൊടുങ്ങല്ലൂർ വന്നിറങ്ങിയതു്. കൊടുങ്ങല്ലൂർ തുറമുഖത്തിനു കിഴക്കുവശം "മാലിയങ്കര" എന്നു പേരായ ഒരു ചെറിയ ദ്വീപ് ഇപ്പോഴും ഉള്ളതിൽനിന്നാണു "മലങ്കര" എന്ന നാമം സിദ്ധിച്ചതെന്നു ചിലർ പറയുന്നുണ്ടു്.

പരിശുദ്ധൻ കേരളത്തിൽ സഞ്ചരിക്കയും ഏഴുപള്ളികൾ സ്ഥാപിക്കയും, പട്ടക്കാരെ നിയമിക്കയും, വളരെ അത്ഭുതങ്ങൾ പ്രവർത്തിക്കയും, അനേകം ഉയർന്ന ജാതിക്കാരെയും താണ ജാതിക്കാരെയും സഭയിൽ ചേർക്കുകയും ചെയ്തു. വിഗ്രഹാരാധനയ്ക്കും അതിനോടു ചേർന്ന സകല തിന്മകൾക്കും പ്രതിവിധിയായി മഹത്വത്തോടെ പുനരുത്ഥാനംചെയ്ത മിശിഹായെയാണു താൻ പ്രസംഗിച്ചതു്. "ഭൂമിയിൽ നിങ്ങൾ നിങ്ങൾക്കായി ധനം കൂട്ടിവെയ്ക്കരുതു, പിന്നെയോ സ്വർഗ്ഗത്തിൽ നിങ്ങൾക്കായി ധനം കൂട്ടിവച്ചുകൊള്ളുക" എന്നുള്ള രീതിയിൽ ആയിരുന്നു തന്റെ പ്രസംഗം എന്നു് അനുമാനിക്കുന്നതിനു "തോമ്മായുടെ നടപ്പുകൾ" എന്ന പുസ്തകം ലക്ഷ്യമാണു്. ഇന്ത്യയുടെ മററുള്ള ഭാഗങ്ങളെ അപേക്ഷിച്ചു കേരളത്തിൽ ഇപ്പോൾ ഇത്രവളരെ ക്രിസ്ത്യാനികളെ കാണുന്നതിന്റെ പ്രധാന കാരണക്കാരൻ മാർത്തോമ്മാശ്ലീഹായാണു്. തനിക്കു ലഭിച്ചിട്ടുള്ള വെളിച്ചം മററുള്ളവർക്കും കൊടുക്കണമെന്നുള്ള മതതീക്ഷ്ണതയിൽ, കേരളംകൊണ്ടു തൃപ്തിപ്പെടാതെ അനേകം പ്രയാസങ്ങളും ദാരിദ്ര്യവും സഹിച്ചു താൻ സഹ്യാദ്രി കടന്നു കിഴക്കൻ രാജ്യമായ പാണ്ടിയിലേക്കു പ്രവേശിച്ചു. പാണ്ടിയിൽക്കൂടി വടക്കോട്ടു മദ്രാസുവരെയും താൻ പ്രയാണംചെയ്യുകയും രക്ഷാകരമായ സുവിശേഷത്തെ പ്രസംഗിക്കയും അവിടത്തെ രാജാവിനെ ക്രിസ്ത്യാനിയാക്കുകയും ചെയ്തു. അവിടെവച്ചാണു ബ്രാഹ്മണരുടെ കൈകളാൽ കല്ലേറും കുന്തവും ഏററു താൻ സ്വർഗ്ഗാരോഹണംചെയ്തതു്. മൈലാപ്പൂരിൽ ശവസംസ്കാരസ്ഥലം ഇന്നും കാണാവുന്നതാണു്. "കുറൾ" എന്ന വിശിഷ്ട തമിഴ് ഗ്രന്ഥം എഴുതിയ ആ പാണ്ടിപ്പറയന് അതിനു വേണ്ട കരുക്കൾ ശ്ലീഹായുടെ ഉപദേശത്തിൽനിന്നു ലഭിച്ചതാണെന്നു വിചാരിപ്പാൻ ന്യായമുണ്ടു്. സുവിശേഷവേലയ്ക്കു് ഇക്കാലത്തു് ഇന്ത്യയിൽ ഏററവും ഫലപുഷ്ടിയുള്ള പ്രദേശം പാണ്ടിയിൽ തിരുനൽവേലിയാണു്; ശ്ലീഹായുടെ വിതയുടെ ഫലമാണു് ഇപ്പോഴുള്ള അവിടത്തെ മഹത്തേറിയ കൊയ്ത്തു് എന്നു വിചാരിക്കപ്പെട്ടുവരുന്നു.

ശ്ലീഹാ സ്ഥാപിച്ച സഭ നശിക്കാതെ ഇന്നും നിലനിൽക്കുന്നതുകൊണ്ടു നാം പ്രത്യേകം ദൈവത്തെ സ്തുതിക്കേണ്ടിയിരിക്കുന്നു. എന്നാൽ ശ്ലീഹായിൽനിന്നു നമ്മുടെ പൂർവികന്മാർക്കു ലഭിച്ച സന്ദേശത്തോടു നാം വേണ്ടവിധം വിശ്വസ്തത കാണിച്ചില്ലെന്നു ലജ്ജയോടെ നാം സമ്മതിച്ചേ തീരൂ. ഇന്ത്യാരാജ്യം മുഴുവനും കർത്താവിനായി നേടുവാൻ മലങ്കരസഭ ഒരായുധം ആയിരിക്കണമെന്ന് അതിന്റെ സ്ഥാപകൻ വിചാരിച്ചിരിക്കണം. അതിനു പകരം സ്വാർത്ഥമായ ക്രിസ്തീയജീവിതത്തിന്റെ വിശ്വാസസഭകളുടെ കയ്യേറ്റം നിതാന്തമായ ആഭ്യന്തരകലഹം, പുറജാതിക്കാരെ സഭയിലേക്കു ചേർക്കുന്നതിനുള്ള വിമുഖത, ചേർത്തിന്റെ ശേഷ ദേവാലയത്തിൽ അവരെ പ്രവേശിപ്പിക്കുവാനുള്ള അലസത എന്നിതുകളാൽ സഭയുടെ ആരോഗ്യം വളരെ കുറവായിട്ടാണു കാണുന്നത്; ചിലർ അതിനെ "മരിച്ചസഭ" യെന്നു വിളിക്കുന്നു. "നിങ്ങളും ജീവന്റെ ലക്ഷണങ്ങളും കാണിച്ചുതുടങ്ങിയാൽ നിങ്ങളുടെ സഭയിൽ ചേർന്നു വേലചെയ്യുന്നതിനു ഞങ്ങൾക്കു സമ്മതമാണെ"ന്നു വടക്കെ ഇന്ത്യയിലെ സെൻറു് ആൻഡ്രൂസ് മിഷ്യന്റെ തലവനും ഒരു ബ്രാഹ്മണദിവാന്റെ പുത്രനും പ്രസിദ്ധനുമായ ഫാദർ ചക്രവർത്തി എന്ന ഹൈചർച്ചു സന്യാസി എന്നോടു് ഒരിക്കൽ പറകയുണ്ടായി. ആകയാൽ മാർത്തോമ്മാ ശ്ലീഹായുടെ സന്തതികളായ നാം ഒന്നുണർന്നു മിഷ്യൻവേലയിൽ സ്വാർത്ഥപരിത്യാഗത്തോടെ പ്രവേശിക്കയും അന്ധകാരത്തിലും മരണനിഴലിലും കിടക്കുന്ന അനേകം ആത്മാക്കളെ വീണ്ടെടുക്കുവാൻ അശ്രാന്തം പരിശ്രമിക്കയും ചെയ്യുക.

നീ ആരാണാവോ?

(എന്റെ കടങ്ങളശേഷം നിൻ—എന്ന രീതി)

കല്യാണോത്സവമൊന്നുളവായ്—പാരസ്യമതാമൊരു പുരിയിൽ
തോമാശ്ലീഹായുമൊരു—മാന്യാതിഥിയായ് ചെന്നവിടെ.
സത്യശ്ലീഹാസുവിശേഷം—ഘോഷിക്കാനാരംഭിക്കെ
കൈനീട്ടി ജലവാഹകനെ—പ്പുണ്യപുമാനെ പ്രഹരിച്ചു.
തോമാശ്ലീഹാ ദൈവത്തിൽ—ശരണപ്പെട്ടവം ചൊന്നാൻ
ഈ[illegible]—[illegible] ചീന്തും
ഭരണികളങ്ങൊഴിയാറായി—നീരിനു ജലവാഹകനോടി
സിംഹത്താലന്നവനോടേ—റ്റാവലമാകും കൈ ചീന്തി.
പന്തിയിലേക്കൊരു നായന്നേ—ഏന്തിക്കൊണ്ടുടനെ വന്നു
ഉത്തമരുള്ളിൽ ദൈവത്തെ—ഭീതിയോടെല്ലാരും വാഴ്ത്തി.
അതിഥികളെ മോദിപ്പിക്കാൻ—കുഴലൂതിയബാലികയപ്പോൾ
തേനൊഴുകും മട്ടെബ്രായാ—ഭാഷയിലേവം ചോദിച്ചാൾ.
അവരോടവരോടുരചെയ്താം—നീയാരുടെ നന്ദനനാവോ?
വിസ്മയകർമ്മമതീവണ്ണം—ചെയ്തൊരു നീയാരാണാവോ?
അവിടുന്നവിടുന്നവിടുന്നോ—അതിഥികളതിശയമാർന്നീടുമാ
കാനാവിൽ കല്യാണത്തിൽ—വെള്ളത്തെ വീഞ്ഞാക്കിയവൻ
അവിടുന്നവിടുന്നവിടുന്നോ—മരുവിലൊരഞ്ചപ്പം നൽകി
അയ്യായിരമതിലേറിടും—പുരുഷാരത്തെപ്പോറ്റിയവൻ?
അവിടുന്നവിടുന്നവിടുന്നോ—കാഴ്ചക്കാക്ഷിതശയമേറ്റി—
പ്പൂഴിപ്പൊടികൊണ്ടതിവേഗം—കുരുടനു നയനം നിർമ്മിച്ചോൻ?

അറിട്ടന്നാവിട്ടന്നാവിട്ടന്നോ—മരണമടഞ്ഞൊരുലാസറിനെ
കാഴ്ചക്കാർ വിശ്വാസം കൈ—ക്കൊള്ളുംപടി ജീവിപ്പിച്ചോൻ?
അവർകളോടവരോടരുചെയ്യാ—നിത്തരമുത്തരമത്തരുണം
അവനെൻനാഥൻഞാനടിയാൻ—അവനെയയച്ചോനായ് സ്തോത്രം.
ശ്രേഷ്ഠതശ്ലീഹന്മാർക്കായി—ഭൂമിയിലേകിയ മ്ശിഹാതാൻ
ധന്യനഹോ ഹല്ലേലുയ്യാ—അഭയംതേടുകയവരിൽനാം.

മാർ തോമ്മാശ്ലീഹായെപ്പററി എം. സി. കുറിയാക്കോസ്സ് റമ്പാച്ചൻ എഴുതിയിട്ടുള്ള അതിവിശിഷ്ടമായ ചെറുപുസ്തകത്തിലെ ഒരു ഗീതം.

—•—•—

മാർ തോമ്മാശ്ലീഹാ സ്ഥാപിച്ച നിരണം പള്ളി.

(റവ. ഫാദർ ഐ. ഡാനിയേൽ ഡി. ഡി. എഫ്. പി. എച്ച്. എസ്സ്. ചേപ്പാട്ട്)

വി. തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴു പള്ളികളിൽ ഒന്നായ നിരണംപള്ളിയെപ്പററി ചിന്തിക്കുമ്പോൾ നിരണം പ്രദേശത്തിന്റെ സ്ഥിതിയെപ്പററിയും നാം മനസ്സിലാക്കേണ്ടതാണു്. ഒരുകാലത്തു കടൽ ഇറങ്ങി ഉണ്ടായ കരയാണു നിരണമെന്ന സ്ഥലത്തെപ്പററി പഠിക്കുമ്പോൾ ഗ്രഹിക്കാൻ കഴിയും. നിരണംഭാഗത്തിനു കടപ്രാ എന്ന പേരു് ഇപ്പോഴും നിലവിലിരിക്കുന്നതു് അവിടം കടൽ ഇറങ്ങിപ്പോയ കര ആയതുകൊണ്ടാണു്. കടപ്പുറത്തുള്ള മണലിന്റെ നിലയിലുള്ള മണലാണു് ഇപ്പോഴും അവിടെ കാണപ്പെടുന്നതു്. കടൽ ഇറങ്ങിയതിനുശേഷം നിരണത്തിന്റെ പല ഭാഗങ്ങളും, ജലാശയങ്ങളും തുരുത്തുകളുമായി സ്ഥിതിചെയ്തിരുന്ന ആ കാലത്താണു വി. തോമ്മാശ്ലീഹാ പാക്കപ്പെലിൽ പള്ളിക്കു് അരമൈൽ വടക്കു് കോട്ടച്ചാൽ എന്ന സ്ഥലത്തു വന്നിറങ്ങിയതു് എന്നാണു പാരമ്പര്യം. ഇപ്പോഴും കോട്ടച്ചാൽ എന്ന പേരിൽ ഒരു ജലാശയം അവിടെ അറിയപ്പെടുന്നുണ്ടു്. കടലിൽനിന്നും കോട്ടച്ചാലിലേക്കു് അക്കാലത്തു ചെറിയ കപ്പലുകൾ നിർബാധം കയറിവരാൻ സൗകര്യമുണ്ടായിരുന്നു.

കോട്ടച്ചാലിനു സമീപമായി തൃക്കപാലേശ്വരം എന്ന സുപ്രസിദ്ധ പുരാതന ശിവക്ഷേത്രം സ്ഥിതിചെയ്യുന്നു. ഈ ക്ഷേത്രത്തിനു ചുററുപാടും നമ്പൂതിരിമാരാണു് അധിവസിച്ചിരുന്നതു്. വി. ശ്ലീഹാ ക്ഷേത്രസമീപം വന്നപ്പോൾ പട്ടമുക്കു നമ്പൂതിരി തൊട്ടടുത്തുള്ള കേപ്പറയാററിൽ പ്രഭാതസ്നാനം കഴിഞ്ഞു വെള്ളം മുകളിലേക്കെറിഞ്ഞു ജപപൂജ ചെയ്യുന്നതായി കണ്ടു. മററു് ഏതാനും നമ്പൂതിരിമാരും തദവസരത്തിൽ അവിടെ കൂടിയിരുന്നു. ശ്ലീഹാ അവിടെ വച്ചു ക്രിസ്തുവിനെക്കുറിച്ചു പ്രസംഗിച്ചു. ക്രിസ്തു ശക്തിയുള്ള ദൈവമെന്നതിനു അടയാളം കാണണമെന്നു പട്ടമുക്കു നമ്പൂതിരി ആവശ്യപ്പെട്ടു. നമ്പൂതിരി മുകളിലേക്കു് എറിയുന്ന വെള്ളം താഴെ വരാതെ നിറുത്താൻ ക്രിസ്തുവിനു കഴിയുമെന്നു് ശ്ലീഹാ പറഞ്ഞു. നമ്പൂതിരി വെള്ളം മുകളിലേക്കു് എറിയുകയും ശ്ലീഹായുടെ പ്രാർത്ഥനയാൽ വെള്ളം മുകളിൽ നിൽക്കയും വെള്ളം കോരിയിടത്തു തടം കാണുകയും ചെയ്തു * ഈ അത്ഭുതം കണ്ടു് അവിടെ കൂടിയിരുന്ന പട്ടമുക്കു്, ചയ്യിൽ, മാങ്കി, മടത്തിലാൻ എന്നീ നാലു നമ്പൂതിരികുടുംബങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കയും ശ്ലീഹായുടെ കയ്യാൽ മാമോദീസാ ഏൽക്കയും ചെയ്തു. ക്ഷേത്രസമീപം ഇപ്പോൾ മാർത്തോമ്മാപ്പള്ളി നിൽക്കുന്ന ആ സ്ഥലത്തു ശ്ലീഹാ ആദ്യം കുരിശു സ്ഥാപിച്ചു.

മററ നമ്പൂതിരിമാർക്ക് മതപരിവർത്തനം ഒരു കുറവായി തോന്നി. അവർക്ക് ശ്ലീഹായോടു കോപമുണ്ടായി. ശ്ലീഹാ സ്ഥാപിച്ച കുരിശ് ഒരു രാത്രി അവർ പിഴുതെടുത്ത് ആററിലെറിഞ്ഞു. അതു രണ്ടു ഫർലോങ്ങു താഴോട്ട് ഒഴുകിവന്ന് ഇപ്പോൾ ഓർത്തഡോക്സ് സുറിയാനിപ്പള്ളി നിൽക്കുന്ന സ്ഥാനത്ത് അടുത്തുകിടന്നു. അല്പം തുരുത്തും ബാക്കിയെല്ലാം ജലശയവുമായി കിടന്ന ആ ഭാഗം മുതലപ്പുഴ എന്നായിരുന്നു അന്ന് അറിയപ്പെട്ടിരുന്നത്. ഇന്നും ആ പേരു നിലവിലുണ്ട്. കുരിശ് ഒഴുകിവന്ന് അടുത്തുകിടക്കുന്നതുകണ്ടു ശ്ലീഹാതന്നെ അതെടുത്ത് ഇപ്പോഴത്തെ ഓർത്തഡോക്സ് സുറിയാനിപ്പള്ളിയുടെ സ്ഥാനത്തു നാട്ടി. തുടർന്നു പള്ളിയും അവിടെ സ്ഥാപിതമായി.

കുരിശു രണ്ടാമത്തെ സ്ഥാനത്തു വന്നുചേർന്നപ്പോൾ ക്രിസ്തുവിൽ വിശ്വസിച്ച ആ നാലു കുടുംബക്കാർ അതിനു ചുററുപാടും വന്നു താമസവുമുറപ്പിച്ചു. വി. ശ്ലീഹായുടെ പ്രവർത്തനം ശക്തിപ്പെട്ടുവരുന്നു എന്നു കണ്ടു ശ്ലീഹായെ ഒരു കുററക്കാരനാക്കി സ്ഥലത്തുനിന്നും ബഹിഷ്കരിക്കുന്നതിനു നമ്പൂതിരിമാർ ഒരുപായം കണ്ടുപിടിച്ചു. അതിപ്രകാരമെന്നാണ് ഐതിഹ്യം. നമ്പൂതിരിമാർ അവരുടെ ക്ഷുരകനെക്കൊണ്ട് ഒരു ക്ഷുരകബാലനെ കൊല്ലിച്ചിട്ടു ശ്ലീഹാ കൊന്നു എന്നു കുററം ആരോപിച്ചു. ഇതുനിമിത്തം ശ്ലീഹായുടെ പ്രവർത്തനം പരാജയപ്പെടുമെന്നു നമ്പൂതിരിമാർ വിചാരിച്ചു. ശ്ലീഹാ പ്രാർത്ഥിച്ച്, ബാലനെ ഉയിർപ്പിക്കയും ആരു കൊന്നു എന്നു ചോദിക്കയും ചെയ്തു. അവന്റെ പിതാവാണു കൊന്നതെന്നും സന്യാസിവര്യനിൽ കുററം ആരോപിക്കാൻ കൊലചെയ്തതാണെന്നും ബാലൻ പറകയുണ്ടായി. തന്നിമിത്തം ശ്ലീഹായുടെ പ്രവർത്തനത്തിനു വളരെ വിജയം സിദ്ധിച്ചു. ശ്ലീഹായോട് ഒന്നും സാധിക്കുന്നില്ല എന്നു കണ്ടതിനാലും മതപരിവർത്തനം ചെയ്യപ്പെട്ടവരുടെ ഇടയിൽ താമസിക്കുന്നത് അശുദ്ധമെന്നു കരുതിയതിനാലും മതപരിവർത്തനംചെയ്യപ്പെടാത്ത നമ്പൂതിരിമാർ അവരുടെ വസ്തുവകകളുടെ ആധാരം എടുത്ത് ഒരു പെട്ടിയിലാക്കി രാത്രിയിൽ തൃക്കപാലേശ്വര ക്ഷേത്രസന്നിധിയിൽ കൊണ്ടുവന്നു വച്ചിട്ടു ക്ഷേത്രദേവനോടു യാത്രയുംപറഞ്ഞു പലായനംചെയ്തു.

ക്ഷേത്രജോലിക്കാരനായ കയ്മൾ രാവിലെ ചെന്നപ്പോൾ ആധാരങ്ങളടങ്ങിയ പെട്ടി കാണുകയുണ്ടായി. കയ്മൾ അതെടുക്കുകയും അങ്ങിനെ കയ്മൾ ആ ആധാരങ്ങളിലുൾപ്പെട്ട വസ്തുക്കളുടെ അവകാശിയാകാൻ സംഗതിയാകയുംചെയ്തു. ആരുടെ ആധാരമായാലും ആധാരക്കൈവശക്കാരാണ് അക്കാലത്തു വസ്തുക്കളുടെ ഉടമസ്ഥരായിത്തീരുന്നത്. ഈ പെട്ടിയും ആധാരങ്ങളും കൈവശപ്പെട്ടതുമുതൽ കയ്മൾ വലിയ സ്വത്തിനവകാശിയാകയും നിരണം പെട്ടി കയ്മൾ എന്നുള്ള പേരിനാൽ അറിയപ്പെടുകയും ചെയ്തു. നിരണം പെട്ടിക

യ്മൽ എന്നുള്ള പേരു് ഇപ്പോഴും ആ കുടുംബത്തിനു നിലവിലിരിക്കുന്നു.

സുപ്രസിദ്ധ എഴുത്തുകാരനായ തിരുവല്ലാ വിലപട്ടത്തു രാഘവൻനമ്പ്യാർ അദ്ദേഹത്തിന്റെ ഒരു ലേഖനത്തിൽ വി. ശ്ലീഹായുടെ നിരണംപള്ളിസ്ഥാപനം ഒരു ചരിത്രസത്യമാണെന്നു തീർത്തുപറയുന്നുണ്ടു്. വി. ശ്ലീഹാ മാമോദീസാ മുക്കിയ ആ നാലു നംപൂതിരികുടുംബങ്ങളിൽ അവരുടെ സന്താനപരമ്പരകളായി ഇപ്പോൾ അറിയപ്പെടുന്നവരായി പറയുവാനുള്ളതു പട്ടമുക്കും, തയ്യിലുമേ ഉള്ളൂ. തയ്യിലെന്നുള്ളതു സുപ്രസിദ്ധനായ മി. കെ. സി. മാമ്മൻമാപ്പിളയുടെ മാതൃകുടുംബമാണു്. പട്ടമുക്കു് ഭട്ടമുഖ്യൻ എന്നുള്ളതു ലോപിച്ചുണ്ടായിട്ടുള്ളതാണു്. ഭട്ടതിരിമാരിൽ മുഖ്യൻ, അതായതു പ്രധാനി, പൂജകർമ്മാദികൾക്കു് അധികാരമുള്ളവൻ എന്നാണർത്ഥം. ഈ പട്ടമുക്കു കുടുംബം ഇപ്പോൾ സ്ഥിതിചെയ്യുന്നതു് ഓർത്തഡോക്സ് സുറിയാനിപ്പള്ളിയുടെ തൊട്ടുപടിഞ്ഞാറേതായിട്ടാണു്. തുടർച്ചയായി ഇന്നുവരെയും ഈ കുടുംബത്തിൽ പുരോഹിതന്മാരുണ്ടു്. ഈ കുടുംബത്തിൽനിന്നും ഒരാൾ ഏകദേശം ഇരുനൂറുവർഷങ്ങൾക്കു മുമ്പു പള്ളിപ്പാട്ടുവന്നു കല്യാണം കഴിച്ചു താമസിച്ചു. ആ ആളിന്റെ പുത്രൻ ചേപ്പാട്ടു പ്രവർത്തിയാരായി നിട്ടു നൽകപ്പെട്ടു അക്കാലത്തു പ്രവർത്തിയാരന്മാർക്കു പല സ്ഥാനമാനങ്ങളും പദവികളും ഉണ്ടായിരുന്നു എന്നു മാത്രമല്ല, അവരുടെ നിയമനം മഹാരാജാവിന്റെ നീട്ടുമൂലമാണു നടത്തപ്പെട്ടിരുന്നതും. ഈ പ്രവർത്തിയാർ ഈ ലേഖകന്റെ പിതാവിന്റെ വല്യപ്പനാണു്. മറ്റൊരാൾ അക്കാലത്തു ചമ്പക്കുളത്തേക്കു പോയി. ചമ്പക്കുളം പടവുപുരയ്ക്കൽ കുടുംബക്കാർ അദ്ദേഹത്തിന്റെ പിൻതുടർച്ചയിൽപെട്ടവരാണു്.

ഇപ്പോൾ നിരണത്തു കാണുന്ന ഓർത്തഡോക്സ് സുറിയാനിപ്പള്ളി നാല്പതുവർഷങ്ങൾക്കു മുമ്പു് അവിടെയുണ്ടായിരുന്ന പഴയപള്ളി പൊളിച്ചുകളഞ്ഞിട്ടു പണിതിട്ടുള്ളതാണു്. പൊളിച്ചുകളഞ്ഞപള്ളി 1259ൽ വലുതാക്കി പണിതതായിരുന്നു. അതിന്റെ മദ്ബഹായുടെ മൂന്നു ഭിത്തികളിലും പഴയനിയമം, പുതിയനിയമം ഇവയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ചരിത്രകഥകൾ മനോഹരമായി ചിത്രീകരിച്ചിരുന്നു എന്നു പ്രായമുള്ള ആളുകൾ ഈ ലേഖകനോടു പറഞ്ഞിട്ടുണ്ടു്. നാല്പതു വർഷങ്ങൾക്കു മുമ്പു നിരണത്തു പൊളിച്ച പള്ളിയോടൊപ്പം ഏകദേശം പഴക്കമുള്ളതാണു പുരാതനമായ ചേപ്പാട്ടുപള്ളി. പൊളിക്കപ്പെട്ട നിരണം പള്ളിയിൽ ഉണ്ടായിരുന്നു എന്നു പറയപ്പെടുന്നതായ പുരാതന ചിത്രങ്ങളും ചേപ്പാട്ടുപള്ളിയിൽ ഇപ്പോഴും ഉള്ളതായ പുരാതന ചിത്രങ്ങളും ഒരേ വിധംതന്നെയായിരുന്നെന്നു അന്വേഷണത്തിൽ മനസ്സിലാകുന്നു. ചേപ്പാട്ടുപള്ളിയുടെ പല ഭാഗങ്ങളും ഈയിടെ പുതുക്കിപണിയുന്നുണ്ടെങ്കിലും മദ്ബഹായിലെ പുരാതനമായ ചുവർചിത്രങ്ങൾ സംരക്ഷിക്കേണ്ടതാവശ്യമാകയാൽ മദ്ബഹാ പുതുക്കി പണിയുന്നില്ല. ഈ ചിത്രങ്ങളുടെ പ്രാധാന്യത്തെ പരിഗണിച്ചു് അമേരിക്കയിലെ നാഷനൽ ജോഗ്രഫിക്കു സൊസൈറ്റിപ്രതിനിധികൾ മുതലായി പലരും ഇവയുടെ ഫോട്ടോകൾ പ്രസിദ്ധീകരണാർത്ഥം എടുത്തുകൊണ്ടുപോയിട്ടുണ്ടു്. പല സന്ദർശകരുടെയും ശ്രദ്ധയെ ഈ ചിത്രങ്ങൾ ആകർഷിച്ചുകൊണ്ടിരിക്കുന്നു. നിരണത്തു പഴയപള്ളിക്കു ആവശ്യമായ ജീർണ്ണോദ്ധാരണംചെയ്തു് അവിടെയുണ്ടായിരുന്ന പുരാതന ചുവർചിത്രങ്ങൾ സംരക്ഷിക്കാമായിരുന്നു. അങ്ങിനെ ചെയ്യാഞ്ഞതു പഴമയെപ്പറ്റി പുകഴുന്ന നസ്രാണികളുടെ പഴമയുടെ ലാഞ്ഛനകൾ സംരക്ഷിക്കുന്നതിലുള്ള അനാസ്ഥയാണു്. ഏതായാലും പുണ്യവാന്റെ പാദസ്പർശത്താലും കുരിശു് (പള്ളി) സ്ഥാപിക്കയാലും പരിപാവനമാക്കപ്പെട്ട നിരണം അനുഗ്രഹീതയാണു്.

* മാർ തോമ്മാശ്ലീഹാ സ്ഥാപിച്ചപാലയൂർപള്ളിയെ സംബന്ധിച്ചും ഇതേവിധത്തിലുള്ള ഒരു അൽഭുതം നടന്നതായി പാരമ്പര്യമായി വിശ്വസിക്കപ്പെടുന്നു. ഒരു ദിവസം വി. ശ്ലീഹാ പാലയൂർക്ഷേത്രക്കുളം സന്ദർശിച്ചപ്പോൾ അവിടെ ബ്രാഹ്മണർ കുളത്തിൽ സ്നാനംചെയ്തു മന്ത്രോച്ചാരണത്തോടുകൂടി വെള്ളം മുകളിലേക്കു എറിയുന്നതു കണ്ടു. ഇതെല്ലാം പ്രയോജനരഹിതമാണെന്നും, രക്ഷാമാർഗ്ഗങ്ങളല്ലെന്നും ശ്ലീഹാ

അവരോടു പറഞ്ഞു. ശ്ലീഹായുമായി അവർ വാദപ്രതിവാദം നടത്തി. ശ്ലീഹായുടെ വചനം വിശ്വസിക്കുന്നതിനു എന്തെങ്കിലും ഒരു അൽഭുതം കാണിക്കാമെങ്കിൽ ഞങ്ങൾ ക്രിസ്തുമതം സ്വീകരിച്ചുകൊള്ളാമെന്നു ബ്രാഹ്മണർ പറഞ്ഞു. തന്റെ ദൈവം അൽഭുതം പ്രവൎത്തിക്കുന്നവനാണെന്നു പറഞ്ഞുകൊണ്ടു കുളത്തിൽനിന്നു കുറെ വെള്ളം കോരി മേലോട്ടു് എറിഞ്ഞു. ബ്രാഹ്മണർ അതിശയിക്കുമാറു് വെള്ളം കോരിയിടം കുഴിയായി കിടക്കയും മേലോട്ടു എറിഞ്ഞ വെള്ളം വലിയ തുള്ളികളായി വായുവിൽ സഞ്ചരിക്കയും പൂക്കളായി താഴെ വീഴുകയും ചെയ്തു. ബ്രാഹ്മണർ ഇതിൽ അൽഭുതപ്പെട്ടു ഭൂരിപക്ഷവും ആ കുളത്തിൽതന്നെ ശ്ലീഹായിൽനിന്നു മാമോദീസാ ഏറ്റു. അവരുടെ കുടുംബങ്ങളും മാമോദീസാ കൈക്കൊണ്ടു. ഒരു ചുരുങ്ങിയ കൂട്ടം നമ്പൂതിരിമാർ 'ഇനിയത്തെ കുളി വാതനാട്ടു്' എന്നുപറഞ്ഞു വാമനാട്ടേക്കു പൊയ്ക്കളഞ്ഞു. അസ്ഥലവും കുളവും അശുദ്ധപ്പെട്ടുപോയി എന്നു പറഞ്ഞു സ്ഥലത്തെയും ജനങ്ങളേയും ശപിച്ചിട്ടാണു അവർ പോയതു്. അവർ ശപിച്ചതുനിമിത്തമാണു പാലയൂരിനു ചുറ്റുപാടുമുള്ള സ്ഥലത്തിനു ശാപക്കാട്ടു്—ചാവക്കാട്ടു്—എന്നു പേരുണ്ടായതു്. പാലയൂർപള്ളിയെപ്പററിയുള്ള കൂടുതൽ വിവരങ്ങൾ മലങ്കരസഭ 3-ാം പുസ്തകം 8-ാം ലക്കത്തിൽനിന്നു കാണുക.

ബ്രാഹ്മണർക്കു ക്ഷേത്രവും ക്ഷേത്രക്കുളവും മന്ത്രോച്ചാരണപൂർവ്വമുള്ള സ്നാനാദികളും അവരുടെ വേദാനുസൃതമാകയാൽ മാർ തോമ്മാശ്ലീഹാ പാലയൂരും നിരണത്തും ഈ അൽഭുതപ്രവൃത്തികൾ ചെയ്തു എന്നു വിചാരിക്കാവുന്നതാണു്. ഒരിടത്തു വെള്ളം മുകളിൽ നിൽക്കുകയും മറെറാരിടത്തു വെള്ളം വലിയ തുള്ളികളായി വായുവിൽ സഞ്ചരിക്കയും പൂക്കളായി താഴെ വീഴുകയും ചെയ്തു. [പത്രാധിപർ]

പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയും വാങ്ങിപ്പോയവൎക്കുവേണ്ടിയുള്ള പ്രാൎത്ഥനയും—വേദതെളിവുകൾ

(തുടർച്ച)

(എം. വി. ജോർജ്ജ് ശെമ്മാശൻ എം. ഏ. ബി. ഡി., എസ്. ററി. എം.)

6. കടന്നുപോയവൎക്കുവേണ്ടി പ്രാൎത്ഥിച്ചാൽ ഫലമുണ്ടോ?

"അവനവൻ ശരീരത്തിലിരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്നു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു. (2 കൊരി. 5:10) ഈ വാക്യം ഇത്ര ശക്തിയായി നിൽക്കെ വാങ്ങിപ്പോയവൎക്കുവേണ്ടി പ്രാൎത്ഥിക്കുന്നതെന്തിനു് എന്ന ചോദ്യം സാധാരണയായി കേൾക്കാം. ഇതിനുള്ള മറുപടി രണ്ടാണു്. ഒന്നാമതായി പ്രാൎത്ഥന എന്നു പറയുന്നതു ദൈവത്തിന്റെ മനസ്സു മാറ്റാനോ, സ്വന്ത കാൎയ്യമോ മറ്റുള്ളവരുടെ കാൎയ്യമോ സാധിക്കാനോ ഉള്ള ഉപാധിയാണെന്നുള്ള ഒരു ചിന്താകുഴപ്പത്തിൽനിന്നാണു് ഈ സംശയം പൊങ്ങിവരുന്നതു്. നാം മറ്റൊരാളിനെ സ്നേഹിക്കുന്നതു്, സ്നേഹിച്ചാൽ എന്തു കിട്ടും? എന്നാലോചിച്ചിട്ടാണോ? അങ്ങനെയുള്ള സ്നേഹം നിർവ്യാജമാണോ? അല്ലതന്നെ. അതുപോലെ, പ്രാൎത്ഥന എന്നു പറയുന്നതു വിശ്വാസിയുടെ ജീവന്റെ ഒരു പ്രദർശനമാണു്. Pragmatic Consideration ഓടുകൂടി പ്രാൎത്ഥിക്കുന്നതു ശരിയായ പ്രാൎത്ഥനയല്ല. സ്നേഹമുള്ള രണ്ടുപേർ പരസ്പരം സംഭാഷണം നടത്തുന്നതു് അതിൽതന്നെയുള്ള ആനന്ദാനുഭൂതിക്കുവേണ്ടിയാണു്. സ്വപിതാവിനോടു സംസാരിക്കുന്നതു് അതിന്റെ ഫലം നോക്കിയിട്ടാണോ? നമ്മുടെ കൎത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം നമ്മുടെയും പിതാവായിരിക്കുന്നതിനാൽ നാം ആ പിതാവിനോടു സമയം കിട്ടുമ്പോഴൊക്കെ കൂട്ടായ്മയിൽ കഴിയുകയും ആ പിതാവിനെ അരനിമിഷംപോലും മറക്കാതിരിക്കയും ചെയ്യേണ്ടതാണു്. "എപ്പോഴും സന്തോഷിപ്പിൻ, ഇടവിടാതെ പ്രാൎത്ഥിപ്പിൻ, (ഫലം കിട്ടിയാലും ഇല്ലെങ്കിലും) എല്ലാററിന്നും സ്തോത്രം ചെയ്‌വിൻ" (1 തെസ്സ. 5: 16, 17) എന്നുള്ളതാണു് ഒരു ക്രിസ്ത്യാനിയുടെ ലാക്കു്. പ്രാൎത്ഥനയിൽ Praise, Repentance, Asking, Yielding (സ്തുതി, അനുതാപം, അപേക്ഷ, സമൎപ്പണം) എന്നു നാലു ഭാഗങ്ങളാണുള്ളതു്. അതിൽ ഒന്നുമാത്രമാണു് അപേക്ഷ. അതിനാൽ അപേക്ഷയുടെ ഫലം കി

ട്ടാലുംപോയാലും പ്രാർത്ഥിക്കാതിരിക്കുവാൻ ഒരു ദൈവപൈതലിനു കഴിയുകയില്ല. ശ്വാസോച്ഛ്വാസം കൂടാതിരിപ്പാൻ ആർക്കു കഴിയും? രണ്ടാമത്തെ ഉത്തരം പ്രാർത്ഥനയ്ക്കു ഫലം ഉണ്ടെന്നുള്ളതാണ്. മാർ തീമോത്തിയോസ് തിരുമനസ്സുകൊണ്ടു ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ. ഒരു ചിത്രശലഭത്തിന്റെ ആയുസ്സിലെന്നപോലെ ഒരു ക്രൈസ്തവന്റെ ആയുസ്സിലും നാലു ഘട്ടങ്ങളുണ്ട്. അണ്ഡഘട്ടം, പുഴുഘട്ടം, സമാധിഘട്ടം, ചിത്രശലഭഘട്ടം, വീണ്ടും ജനിക്കാത്തവൻ മുട്ടയ്ക്കകത്തിരിക്കുന്നതേയുള്ളൂ. വീണ്ടും ജനിച്ചവൻ പുഴുവിനെപ്പോലെ ഈ ലോകത്തിൽ ഇഴയുകയാണ്. മരണമെന്നു പറയുന്ന മാറ്റത്താൽ വിശ്വാസി മൂന്നാംഘട്ടമായ കൊക്കൂണിനകത്തേക്കു പ്രവേശിക്കുകയാണ്. ഇവിടെയാണു വലിയ മാറ്റം ഉണ്ടായി ചിത്രശലഭമായി രൂപാന്തരം പ്രാപിക്കുന്നതു്. നിത്യതയിൽ വിഹരിക്കുവാനുള്ള (ചിറകുകൾ ലഭിക്കുന്ന) അവസ്ഥയിലത്രെ വാങ്ങിപ്പോയവർ പറുദീസായിൽ സ്ഥിതിചെയ്യുന്നതു്. അവർക്കു് ഈ സമാധിയിലും ശ്വാസോച്ഛ്വാസവും വളർച്ചയും ഉള്ളതിനാൽ പ്രാർത്ഥിക്കുന്നതുകൊണ്ടു ഫലമുണ്ടെന്നു വിശ്വസിക്കാം. മുട്ടയായിരുന്നകാലത്തു മരിച്ചവൻവേണ്ടി എത്ര പ്രാർത്ഥിച്ചാലും അവൻ ചിത്രശലഭമായി മാറപ്പെടുന്നതല്ല. അതുകൊണ്ടത്രെ അവിശ്വാസികളായി മരിച്ചവർക്കുവേണ്ടി സഭ പ്രാർത്ഥിക്കാത്തതു്. ഈ ലോകജീവിതം വളരെ പ്രാധാന്യമുള്ളതാണെന്നു് അതുകൊണ്ടു തന്നെ മനസ്സിലാക്കണം. വീണ്ടും ജനനത്തിനുള്ള സാദ്ധ്യത ഇവിടെവച്ചുമാത്രമേയുള്ളൂ. പ്രതിഫലവും ഇവിടെവച്ചുതന്നെ നിശ്ചയിക്കപ്പെടുന്നു. ദാനമായി രക്ഷ ലഭിച്ച ഒരു വ്യക്തി ഈ ലോകത്തിൽവച്ചു മററുള്ളവരെ ആ രക്ഷയിലേക്കു കൊണ്ടുവരുവാൻ യത്നിക്കുന്നതിനനുസരിച്ചിരിക്കും അവന്റെ പ്രതിഫലം. "എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും" (ദാനി. 12;3) കടന്നുപോയ വിശ്വാസികളുടെ പ്രതിഫലം ഇവിടെവച്ചുള്ള അവരുടെ പ്രവൃത്തികൾക്കനുസരിച്ചു നിശ്ചയിക്കപ്പെട്ടിരിക്കുകയാണെങ്കിലും, അവർ തെരഞ്ഞെടുത്തിരിക്കുന്ന പാതയിലൂടെ അവർ വളരുവാൻ നാം അവർക്കുവേണ്ടി പ്രാർത്ഥിക്കണം. ഒരു ചെറിയ പുഴു ചെറിയ ചിത്രശലഭമായും വലിയ പുഴു വലിയ ചിത്രശലഭമായും വളരുന്നതുപോലെ ഈലോകത്തിൽവച്ചുള്ള വളർച്ചയായിരിക്കും അവരുടെ നിത്യതയിലെ അവസ്ഥയും നിശ്ചയിക്കുന്നതു്. എന്നാൽ അതുകൊണ്ടു് അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടയാവശ്യമില്ല എന്നു പറയുന്നതു് അർത്ഥശൂന്യമാണ്. "ഞാൻ നട്ടു, അപ്പല്ലോസ് നനച്ചു, ദൈവമത്രെ വളരുമാറാക്കിയതു്". (1 കൊരി. 3:6) അതിനാൽ വളരുമാറാക്കുന്ന ദൈവത്തോടു വാങ്ങിപ്പോയ വിശ്വാസികളെയും വളരുമാറാക്കണമേ എന്നു നാം പ്രാർത്ഥിക്കേണ്ടതത്രെ.

7. ഉപസംഹാരം.

ഈ വിഷയത്തെക്കുറിച്ചു് ഇത്ര സവിസ്തരം പ്രതിപാദിക്കുവാനുള്ള കാരണം പ്രോട്ടസ്റ്റന്റുസഭകളും ഓർത്തഡോക്സ് സഭയുമായുള്ള യോജിപ്പു സാധിക്കണമെങ്കിൽ ഈ വിഷയത്തെക്കുറിച്ചു പരസ്പരധാരണ അവശ്യം ആവശ്യമാണെന്നുള്ള എന്റെ ബലമായ അഭിപ്രായംകൊണ്ടുകൂടെയാണ്. ഇരുകൂട്ടരും ഈ ലേഖനം ആത്മപരിശോധനാസന്നദ്ധതയോടുകൂടി വായിക്കണമെന്നപേക്ഷിക്കുന്നു. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന അന്ധവിശ്വാസക്കാരാണ് ഓർത്തഡോക്സുകാർ എന്നു മുൻവിധിച്ചു തള്ളുന്നതിനു മുമ്പെ അവരുടെ കൃത്യം വേദതെളിവുള്ളതാണോ എന്നു പരിശോധിപ്പാൻകൂടെ സന്നദ്ധതവേണം. അതേ സമയത്തു് ഓർത്തഡോക്സുകാർ, റോമൻകത്തോലിക്കർ ഈ വിഷയത്തോടു് ഏച്ചുകെട്ടിയിരിക്കുന്ന ശുദ്ധീകരണസ്ഥലം (Purgatory) ഇത്ര ദിവസത്തേക്കുള്ള ദണ്ഡവിമോചനം എന്നിത്യാദി അന്ധവിശ്വാസങ്ങൾ ദൂരെയെറിയേണ്ടവയാണെന്നുള്ള സംഗതി അവരെയും പറഞ്ഞു മനസ്സിലാക്കണം. "പിതാവേ, നീയും ഞാനും ഒന്നായിരിക്കുന്നതുപോലെ ഇവരും നമ്മിൽ ഒന്നാകേണമെ" (യോഹ. 17:21, 23). എന്നു മിശിഹാതമ്പുരാൻ പ്രാർത്ഥിച്ച മഹാ



ആത്മനിക്ഷേപം M. C. K.

31 മിശിഹായുടെ മഹിമ.

"നീങ്ങൾ എന്നെ ആർ എന്നു പറയുന്നു?" യേശുമ്ശിഹാ
മ. 16. 13, മർ. 8:29, ലൂ. 9.20, മത്താ. 22.42

ഏതൊരുവനും അവനെക്കുറിച്ചു മററാളുകൾക്കുള്ള അഭിപ്രായം എന്താണ് എന്നറിവാൻ ആഗ്രഹമുണ്ട്. പലരും മററുള്ളവരോടു അപ്രകാരം ചോദിക്കാറുണ്ട്. എന്റെ വസതി, എന്റെ കുടുംബം, എന്റെ മക്കൾ, എന്റെ ജീവനം, എന്റെ കൃഷികൾ, എന്റെ വ്യവസായ രീതികൾ, എന്റെ അദ്ധ്യയനം, എന്റെ പ്രസംഗം എന്നിവയെ ഒക്കെയും മനുഷ്യർ മതിക്കുന്നുണ്ടോ എന്നു പലർക്കും അറിയണം. ഈവിധമുള്ള ചിന്തയും അന്വേഷണവും സ്വർഗ്ഗത്തിലെ പാപമായിരുന്ന ആത്മനിഗളത്തിന്റെ ഒരു വശമത്രെ.

എന്നാൽ ഇവിടെ യേശു ചോദിക്കുന്നു: മനുഷ്യർ എന്നെക്കുറിച്ചു എന്തുപറയുന്നു? ഇതും നിഗളത്തിന്റെ ഒരു വശമോ? അതല്ല. സ്വർഗ്ഗീയമഹിമാസിംഹാസനത്തിൽ നിന്നു ഭൂമിയിലേക്ക് ഇറങ്ങിവന്നവന് സ്വർഗ്ഗത്തിൽ നിന്നു ഭൂമിയോളം താണവന്, നിഗളം എവിടെ? മനുഷ്യന്റെ അഭിപ്രായങ്ങളൊ സാക്ഷിപത്രങ്ങളോ മൂലം അവിടുത്തേക്കു യാതൊന്നും സാധിപ്പാനില്ലായിരുന്നുതാനും.

എങ്കിലും യേശു ശിഷ്യന്മാരോടു ചോദിച്ചു: നിങ്ങൾ എന്നെക്കുറിച്ച് എന്തു പറയുന്നു എന്ന്. ലോകത്തെ രക്ഷിപ്പാൻ അവൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്നു. അവരെ അവൻ തിരഞ്ഞെടുത്തു. മൂന്നുവർഷത്തോളം കൂടെ കൊണ്ടുനടന്നു. പല ഉപദേശങ്ങൾ അവർക്കു കൊടുത്തു. പല ഉപദേശങ്ങൾ അവർകേൾക്കെ പറഞ്ഞു. പല അത്ഭുതങ്ങൾ അവർ കാൺകെ പ്രവർത്തിച്ചു. അവയെല്ലാറ്റിലും ഒരു ഉദ്ദേശം ഉണ്ടായിരുന്നു. അതു അവർ അവനെ അറിയണം എന്നതായിരുന്നു. അതു സാധിച്ചുവോ എന്നു പരീക്ഷിക്കുന്നതിനായി അവൻ അവരോടുചോദിച്ചു. നിങ്ങൾ എന്നെ ആർ എന്നു പറയുന്നു? അവരിൽ മുമ്പൻ അഥവാ മോണിട്ടർ, ആയ പത്രോസ് അവർക്കുവേണ്ടി മറുപടിപറഞ്ഞു. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മ്ശിഹാ ആകുന്നു."

നീ എന്നെ ആർ എന്നു പറയുന്നു എന്നു മ്ശിഹാ നമ്മോരോരുത്തരോടും ചോദിക്കുന്നു. നാം എന്തു മറുപടിപറയും. ഏതൊരു വിശ്വാസിയും മറുപടി പറയേണ്ട വേറൊരു ചോദ്യമു

പുരോഹിതപ്രാർത്ഥന സാധിതപ്രായമാകേണ്ടതിനു വിശ്വാസത്തിൽ ഐക്യവും സഹയോജിപ്പും ഉണ്ടാകുവാൻ ഈ ഉദ്യമത്തിന സഹായകമാകേണമേ എന്നുള്ള പ്രാർത്ഥനയോടുകൂടെയാണ് ഈ ലേഖനം പരസ്യപ്പെടുത്തുന്നതു.

വാങ്ങിപ്പോയവരുടെ മദ്ധ്യസ്ഥതയും അവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും തെററാണെന്നു വിചാരിക്കുന്നവരോട് എനിക്കു സഹതാപമുണ്ട്. വാങ്ങിപ്പോയവരുടെ മദ്ധ്യസ്ഥത ആഗ്രഹിക്കുകയും, അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നില്ലെങ്കിൽ ആ പ്രാർത്ഥന അപൂർണ്ണമാണെന്നുള്ളതാണ് എന്റെ വിശ്വാസം. ഒട്ടുവളരെ ചിന്തയ്ക്കും പഠനത്തിനും Theological Study-ക്കും ശേഷമാണ് ഈ സത്യം എനിക്കു മനസ്സിലായതു്. ലഭിച്ചിട്ടുള്ള അല്പം വെളിച്ചം വിനയസമേതം മററുള്ളവരുടെ പ്രകാശത്തിനുവേണ്ടിക്കൂടെ പ്രയോജനപ്പെടേണമേ എന്ന പ്രാർത്ഥനയോടുകൂടെ ഈ വരികൾ എഴുതുന്നു. ഈ വിഷയം പ്രാർത്ഥനാസമേതം പഠിക്കുകയും മററുള്ളവരെ വേദതെളിവോടുകൂടെ പഠിപ്പിക്കുകയും ചെയ്യേണ്ട ചുമതല ഓർത്തഡോക്സ് വിശ്വാസിക്ക് ഉണ്ടു്. "സഹോദരന്മാരെ നിങ്ങൾ, പ്രത്യാശയില്ലാത്ത മററുള്ളവരെപ്പോലെ ദുഃഖിതരാകേണ്ടതിന്നു് നിദ്രകൊള്ളുന്നവരെക്കുറിച്ചു അറിവില്ലാതിരിക്കരുതു്". (1 തെസ്സ. 4:13)

(പകർപ്പവകാശം ലേഖകന്)

ണ്ടു്. “യേശുവിനോടു ഞാൻ എന്തുചെയ്യണം,,? ഈ രണ്ടാം ചോദ്യത്തിന്റെ ഉത്തരം ഒന്നാം ചോദ്യത്തിന്റെ മറുപടിയെ ആശ്രയിച്ചിരിക്കുന്നു. ആകയാൽ ഒന്നാം ചോദ്യത്തിനു വിശദമായ മറുപടി കണ്ടുപിടിക്കുവാൻ തക്കവണ്ണം അതിനെ പല വിഭാഗങ്ങളായി തിരിച്ചു് പരിശോധിക്കാം.

1. അവന്റെ ജനനത്തെക്കുറിച്ചു നിനക്കു് എന്തുതോന്നുന്നു? അതു് അത്ഭുതമാകുന്നു. ഈ മനുഷ്യനെപ്പോലെ ആരും ഒരിക്കലും ജനിച്ചിട്ടില്ല. അവന്റെ ജനനത്തെപ്പററി ഏദനിൽ വച്ചു പിതാവാം ദൈവത്താൽ പറയപ്പെട്ടു. കാലങ്ങൾ കടക്കവേ ദീർഘദർശിമാരാൽ പ്രവചിക്കപ്പെട്ടു. ഗബ്രിയേൽ മാലാകയാൽ കന്യകയോടു അറിയിക്കപ്പെട്ടു. കന്യകയാൽ പ്രസവിക്കപ്പെട്ടു. പണ്ഡിതന്മാരായ വിദ്വാന്മാരാലും പാമരന്മാരായ ഇടയന്മാരാലും ആരാധിക്കപ്പെട്ടു. മാലാകമാരാൽ ബഹുമാനിക്കപ്പെട്ടു. അവന്റെ ജനനം അത്ഭുതംതന്നെ. അത്ഭുതവാനായ ശിശുവേ എന്നു ജനനപ്പെരുനാൾദിവസം പലപ്രാവശ്യം നമ്മൾ അവനെ സംബോധനചെയ്യുന്നു.

2. അവന്റെ വളർച്ചയെയും പരിപാലനത്തെയും കുറിച്ചു് നിനക്കു എന്തുതോന്നുന്നു? പൈതൽ വളർന്നു ജ്ഞാനം നിറഞ്ഞു. ആത്മാവിൽ ബലപ്പെട്ടുപോന്നു. ദൈവകൃപയും അവനോടുകൂടെ ഉണ്ടായിരുന്നു. “യേശുവോ ജ്ഞാനത്തിലും ഉയരത്തിലും ദൈവത്തിന്റെയും മനുഷ്യന്റെയും കൃപയിലും വളർന്നുവന്നു,,.

3. അവന്റെ സ്വഭാവത്തെക്കുറിച്ചു നിനക്കു എന്തുതോന്നുന്നു? അവൻ ഒരു കുറവും ഉള്ളവനല്ല. പരിപൂർണ്ണനാകുന്നു. അവൻ ഒരു ദോഷവും ചെയ്തില്ല. നന്മ പ്രവർത്തിച്ചുകൊണ്ടു നടന്നു. ചതഞ്ഞ ഞാങ്ങണപോലും അവൻ ഒടിച്ചിട്ടില്ല. നിങ്ങളിൽ ആർക്കു പാപത്തെക്കുറിച്ചു എന്നെ ബോധ്യപ്പെടുത്തുവാൻ കഴിയും എന്നു അവൻ ശത്രുക്കളെപ്പോലും വെല്ലുവിളിക്കത്തക്ക ധൈര്യവും, എന്നാൽ വിനയവും അവനുണ്ടായിരുന്നു.

4. അവന്റെ വചനങ്ങളെക്കുറിച്ചു നിനക്കു എന്തുതോന്നുന്നു? നല്ല ശമറിയക്കാരൻ, മുടിയനായ പുത്രൻ, കാണാതെപോയ ആട്ട് മുതലായ അവന്റെ കഥകൾ ശ്രേയ ലളിതവും ഹൃദയസ്പർശകവുമാണ്. ഗലീലാ സംസാരം എത്രയോ മനോഹരമാണ്. ഒരു മനുഷ്യൻ ലോകം മുഴുവനും സമ്പാദിക്കുകയും അവന്റെ ആത്മാവിനെ നഷ്ടപ്പെടുത്തുകയും ചെയ്താൽ എന്തു പ്രയോജനമുള്ളു എന്ന ചോദ്യം എത്രയോ ഉദ്ധാരനാത്മകമാണ്! അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമേ നിങ്ങൾ എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം എന്നമൊഴി എത്രയോ ആസ്വാദ്യകരമാണ്! അവനെപ്പോലെ ആരും ഒരിക്കലും സംസാരിച്ചിട്ടില്ല. “നിന്റെ അടുക്കൽ ജീവന്റെ വചനങ്ങൾ ഉണ്ടു്” എന്നു ഒരു ശിഷ്യൻ സാക്ഷിച്ചതു എത്രയോ സത്യമാണ്.

5. അവന്റെ പ്രവൃത്തികളെക്കുറിച്ചു നിനക്കു എന്തുതോന്നുന്നു? കാററിനെയും ഓളങ്ങളെയും അവൻ ശാന്തമാക്കി, ഭൂതങ്ങളെ അവൻ ഓടിച്ചു, രോഗികളെ അവൻ സൗഖ്യമാക്കി, വിശപ്പുള്ളവരെ അവൻ തൃപ്തരാക്കി, മരിച്ചവരെ അവൻ ജീവിപ്പിച്ചു, അവൻ എല്ലായ്പോഴും നന്മചെയ്തുകൊണ്ടു നടന്നു.

6. അവന്റെ മരണത്തെക്കുറിച്ചു നിനക്കു എന്തുതോന്നുന്നു? കാൽവറിമല കയറി വി. മാതാവിന്റെയും വാത്സല്യശിഷ്യന്റെയും അടുക്കൽ നിന്നുകൊണ്ടു നോക്കുക. ദൈവം കുരിശിൽ തൂങ്ങുന്നു. നാം കാണേണ്ട കാഴ്ച അതാണ്. ആ കാഴ്ച മാനസാന്തര പ്രേരകമാണ്—ജീവപ്രദമാണ്. “എന്റെ ജീവൻ ആരും എന്നിൽ നിന്നു എടുത്തുകളയില്ല. ഞാൻ അതിനെ വയ്ക്കുന്നു” എന്ന മൊഴി (യോഹ. 10:18) നിവൃത്തിയാകുന്നു. “സകലവും നിവൃത്തിയായി........ എന്റെ പിതാവേ, നിന്റെ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ ഭരമേല്പിക്കുന്നു” എന്നുപറഞ്ഞു തലചായ്ച്ചു മരിക്കുന്നു. പെസഹാമേശയിലെ വചനം അന്വർത്ഥമാകുമാറു് അവൻ നമുക്കുവേണ്ടി ബലിയായി, മറുവിലയായി, മരിച്ചു.

7. അവന്റെ ഉയിർത്തെഴുന്നേല്പിനെക്കുറിച്ചു് നിനക്കു എന്തു തോന്നുന്നു? “ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ, മരണമേ, നിന്റെ വിഷമുള്ളു് എവിടെ,, എന്ന ജയഭേരിയോടെ അവൻ കബറിൽനിന്നും ഉയിർത്തെഴുന്നേററു. അതും അത്ഭുതം തന്നെ.

ആകയാൽ ആദ്യചോദ്യത്തിനുത്തരം പറയുക. പത്രോസിനോടുചേർന്നു ഉത്തരം പറയുക. “നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ യേശുമ്ശിഹാ ആകുന്നു,,.

ഇനി രണ്ടാം ചോദ്യത്തിലേക്കു തിരിയുക. “യേശുവിനോടു ഞാൻ എന്തുചെയ്യണം? അവനെ ക്രൂശിക്കുകയോ?,, അതരുതേ, എന്നാലോ നമ്മുടെ രക്ഷാകർത്താ വിശുദ്ധനായ മാർത്തോമ്മാശ്ലീഹായോടുചേർന്നു സാഷ്ടാംഗപ്രണാമംചെയ്തു് അവനെ വിളിക്കുക. “എന്റെ കർത്താവും എന്റെ ദൈവവുമേ,,. ആ വിളി യേശുവിനു സന്തോഷപ്രദവും നമുക്കു ഭാഗ്യകരവും ആകു

മാർ തോമ്മാശ്ലീഹായും പൗരസ്ത്യ സിംഹാസനവും.

അപ്പോസ്തോലൻ മലങ്കരയിൽ എപ്പിസ്ക്കോപ്പന്മാരെ വാഴിച്ചുവോ?

(റവ. വി. ജോർജ്ജ്, നെടുമാവ്)

"നിങ്ങൾ ശക്തിപ്രാപിച്ചിട്ട് ഊർശ്ലേമിലും യഹൂദ്യായിൽ എല്ലായിടത്തും ശമര്യയിലും ലോകത്തിന്റെ അററത്തോളവും എന്റെ സാക്ഷികളായിത്തീരും (അപ്പോ. 1:8) എന്ന തിരുമൊഴി നിറവേറുമാറ് അപ്പോസ്തോലന്മാർ ഓരോ സ്ഥലങ്ങളിലേക്കു പോവുകയും അവിടെ സഭകൾ സ്ഥാപിക്കയും ചെയ്തു. അങ്ങനെ സ്ഥാപിതമായ സഭകളിൽ അവയുടെ നിലനില്പിനു വേണ്ട പട്ടക്കാരെയും മേൽപ്പട്ടക്കാരെയും നിയമിച്ചാക്കി. പത്രോസ് അപ്പോസ്തോലൻ അന്ത്യോക്യായിലും റോമിലും, പൗലൂസ് അപ്പോസ്തോലൻ അന്ത്യോക്യാമുതൽ സ്പാനിയാ (സ്പെയിൻ) വരെ—ഏഷ്യാമൈനർ, മക്കെദോനിയാ, കോരിന്ത്, റോം മുതലായ അനവധി സ്ഥലങ്ങളിലും സുവിശേഷം ഘോഷിക്കുകയും സഭ സ്ഥാപിക്കുകയും എപ്പിസ്ക്കോപ്പന്മാരെ വാഴിക്കുകയും ചെയ്തു. നടപ്പുകളുടെ പുസ്തകത്തിലും ലേഖനങ്ങളിലും നാം കാണുന്ന തീത്തോസ്, തീമോത്തിയോസ്, അഥേനയിലെ ദീവന്നാസ്യോസ് എന്നിവർ പൗലൂസ് അപ്പോസ്തോലൻ വാഴിച്ച എപ്പിസ്ക്കോപ്പന്മാരാണ്. റോമായിലെ ലീനോസിനെയും ക്ലീമ്മീസിനെയും വി. പൗലൂസും പത്രോസും കൂടിയും അന്ത്യാക്യായിലെ ഏവോദോസ്, ഇഗ്നാത്യോസ് എന്നിവരെ പത്രോസും എപ്പിസ്ക്കോപ്പന്മാരാക്കി. അതുപോലെതന്നെ വി. തോമ്മാശ്ലീഹായും ശേഷം അപ്പോസ്തോലന്മാരും തങ്ങൾ സ്ഥാപിച്ച സഭകളുടെ നിലനിൽപ്പിനു എപ്പിസ്ക്കോപ്പന്മാരെ വാഴിച്ചിട്ടുണ്ടു്.

മാർ തോമ്മാശ്ലീഹായുടെ മിഷ്യണറിയാത്രകളെക്കുറിച്ചും സുവിശേഷവേലയെക്കുറിച്ചും വി. വേദത്തിൽ അപ്പോസ്തോലപ്രവൃത്തികളിൽനിന്നു നമുക്കു വിശേഷവിധിയായി ഒന്നും അറിയാൻ കഴിയുന്നില്ല. അപ്പോസ്തോലപ്രവൃത്തികളിൽ യറുശലേമിൽനിന്നും അന്നത്തെ പരിഷ്കൃതലോകമായ റോമാസാമ്രാജ്യം മുഴുവൻ—റോമാവരെയും—സഭ വ്യാപിച്ചതിനെപ്പററിയുള്ള ചരിത്രം പറയുന്നതല്ലാതെ അപ്പോസ്തോലന്മാർ എല്ലാവരുടെയും പ്രവൃത്തികളെ വർണ്ണിക്കുന്നില്ല. യറുശലേമിലെ സഭയെപ്പററിയുള്ള വിവരണശേഷം വി. പൗലൂസിന്റെ മിഷ്യണറിയാത്രകളും സുവിശേഷവേലയുമാണു പ്രസ്തുത ഗ്രന്ഥത്തിൽ പ്രധാനമായും പ്രതിപാദിക്കപ്പെട്ടിട്ടുള്ളതു്. പ്രസ്തുത ഗ്രന്ഥം വായിച്ചാൽ അതിന്റെ രചയിതാവു വി. പൗലൂസിന്റെ സഹചാരിയായിരുന്നു എന്നു കാണാം. എന്നാൽ മററ് അപ്പോസ്തോലന്മാരും വി. പൗലൂസിനെപ്പോലെ കഷ്ടതകളും പീഡകളും സഹിച്ചുകൊണ്ടു തങ്ങളുടെ വേല നിർവഹിച്ചിട്ടുണ്ടു് എന്നതു സുസമ്മതമാണ്. വി. ലൂക്കോസിനെപ്പോലെ പണ്ഡിതനും ചരിത്രകാരനുമായ ഒരു സഹചാരി അവരിൽ പലരുടെയും കൂടെ പാക്കെഇല്ലായിരുന്നതിനാൽ അവരുടെ പ്രവൃത്തികൾ വിവരിക്കുന്ന പുസ്തകങ്ങൾ രചിക്കപ്പെടാതിരിക്കയോ വല്ലതും രചിച്ചിരുന്നെങ്കിൽതന്നെ സൂര്യപ്രകാശമേൽക്കാതെ നഷ്ടപ്പെട്ടുപോകയോ ചെയ്തു എന്നു് അനുമാനിക്കുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല.

മാർ തോമ്മാശ്ലീഹായെപ്പററി പറയു

ന്നു. അവനെ അനുഗമിക്കുക. അവന്റെ അവതാരോദ്ദേശം നമ്മിൽ നിറവേററുക.

മ്പോൾ വി. പൗലൂസിനെപ്പോലെതന്നെയുള്ള സുദീർഘമായ മിഷ്യനറിയാത്രകളാണ് അദ്ദേഹവും നടത്തിയിട്ടുള്ളതെന്ന പാരമ്പര്യവും അടുത്തകാലത്തു കണ്ടെടുക്കപ്പെട്ടിട്ടുള്ള ചരിത്രവസ്തുതകളും സാക്ഷിക്കുന്നു. 2-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബർദേസനിസ് എന്ന എഴുത്തുകാരൻ മാർ തോമ്മാശ്ലീഹായുടെ പ്രവൃത്തികൾ എന്ന കൃതിയിൽ തോമ്മാശ്ലീഹായുടെ യാത്രകളും വേലകളും സംബന്ധിച്ചുള്ള ചില വിവരങ്ങൾ നൽകിയിട്ടുണ്ട്. അതനുസരിച്ച് അദ്ദേഹത്തിന്റെ വേലസ്ഥലം എഡേസ്സാമുതൽ കിഴക്കോട്ടുള്ള സ്ഥലങ്ങളായിരുന്നു എന്നു വ്യക്തമാണ്. പുരാതനചരിത്രകാരനായ എവുസേബിയോസും ഈ വസ്തുതയെപ്രസ്താവിക്കുന്നുണ്ട്. എഡേസ്സായിൽ അദ്ദേഹത്തിന്റെ വേല ഏറ്റവും വിജയകരമായിത്തീർന്നതിനാൽ അവിടെ ക്രിസ്തീയസഭയുടെ അസ്ഥിവാരമുറപ്പിച്ചശേഷം അതിന്റെ രക്ഷാഭാരം സ്വസഹോദരനായ ആദായിയെ ഏൽപ്പിച്ചുകൊണ്ട് അവിടെനിന്നും യാത്രതിരിച്ചു. ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നതും എ. ഡി. 1841-നും 1847-നും ഇടയ്ക്ക് ഈജിപ്റ്റിൽനിന്നും കണ്ടെടുത്തതുമായ ചില പുരാതന ലിഖിതങ്ങളിൽനിന്നും, എഡേസ്സായിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നതും ഡാക്ടർ കർട്ടൻ (Cueton) കണ്ടെടുത്തതുമായ എവുസേബിയോസിന്റെ ചില പുരാതന സുറിയാനിഗ്രന്ഥങ്ങളിൽ നിന്നും വി. തോമ്മസ്സിന്റെ ആ വേലസ്ഥലം എഡേസ്സാ ആയിരുന്നു എന്നു വെളിപ്പെടുന്നുണ്ട്.[1] പത്രോസ് അപ്പോസ്തലൻ അന്ത്യോഖ്യായിൽ മാർ ഏവോദാസിനെ വാഴിച്ചിട്ടു തന്റെ സുവിശേഷ പര്യടനം പടിഞ്ഞാറേയ്ക്കു തുടർന്ന പ്രകാരം വി. തോമാ തന്റെ സിംഹാസനം ആദായിയെ ഏൽപ്പിച്ചിട്ട് തന്റെ സുവിശേഷപ്രയാണം കിഴക്കൻ ദിക്കിലേക്കു തുടർന്നു. അദ്ദേഹം പാർത്ഥ്യൻ രാജാക്കന്മാരുടെ തലസ്ഥാനമായ സെലൂക്യാ ക്ലെസിഫോണിൽ സുവിശേഷമറിയിച്ചതായും അവിടെയും അദ്ദേഹത്തിന്റെ വേല ഏറ്റവും ഫലപ്രദമായിത്തീരുകയാൽ അവിടെയും സിംഹാസനം സ്ഥാപിച്ചതായും, അങ്ങനെ പൗരസ്ത്യസിറിയായിലെ എഡേസ്സായും പാർത്ഥ്യായിലെ (പേർഷ്യ) സെലൂക്യായും അപ്പോസ്തോലന്റെ ആദ്യ വേലസ്ഥലങ്ങളായിരുന്നെന്നും വ്യക്തമാകുന്നു.[2] അപ്പോസ്തോലൻ പിന്നെയും തന്റെ മിഷ്യനറിയാത്ര തുടർന്നു.

യൂപ്രട്ടീസ് ടൈഗ്രീസ് എന്നീ നദികളുടെ തീരപ്രദേശങ്ങളും അഫ്ഗാനിസ്ഥാൻ വഴി ഇൻഡ്യയിൽ എത്തി സിന്ധുനദിയുടെ തീരപ്രദേശങ്ങളും ഉൾപ്പെടെ പേർഷ്യാ ഇൻഡ്യ വൻകരകളിൽ വ്യാപകമായ നിലയിൽ അപ്പോസ്തോലൻ സുവിശേഷം ഘോഷിക്കയും കപ്പൽമാർഗ്ഗം സൊക്കോത്രാ ദ്വീപിൽ എത്തി അവിടെയും കർത്താവിന്റെ ശക്തിയാൽ പല അത്ഭുതങ്ങളും പ്രവർത്തിച്ചു സുവിശേഷദീപം കൊളുത്തുകയും അതിനുശേഷം കപ്പൽമാർഗ്ഗം ദക്ഷിണ ഇൻഡ്യയിൽ കൊടുങ്ങല്ലൂർ വന്നിറങ്ങുകയും ഈ കേരളക്കരയിൽ ചുറ്റിനടന്നു അനേകരെ മാമോദീസാ മുക്കി സഭയിൽ ചേർക്കയും മലിയങ്കര, പാലയൂർ, പറവൂർ, ഗോക്കമംഗലം, നിരണം നിലയ്ക്കൽ, (ചായൽ) കൊല്ലം എന്നീ സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിക്കുകയും നാലോ അതിലധികമോ പ്രബല തറവാടുകളിൽനിന്നും പട്ടക്കാരെ നിയമിച്ചാക്കുകയും പകലോമറ്റം ശങ്കരപുരി എന്നീ കുടുംബങ്ങളിൽനിന്നു മേൽപ്പട്ടക്കാരെ വാഴിക്കുകയും ചെയ്തു. മാർ തോമ്മാശ്ലീഹാ ഇൻഡ്യയിൽ വന്നു സഭ സ്ഥാപിച്ചു എങ്കിലും പട്ടക്കാരെയല്ലാതെ മേല്പട്ടക്കാരെ വാഴിച്ചില്ല എന്നു ചിലർ അടുത്തകാലത്തു പ്രസ്താവിച്ചുതുടങ്ങിയിട്ടുണ്ട്. അതു തികച്ചും അർത്ഥശൂന്യമായ ഒരു വാദമത്രെ.

---

1. Anti Nicine Christian Library Voll XX. Syri. do Edy J & J clerk 1871. Page 1

മലങ്കരസഭയും വി. തോമസ് അപ്പോസ്തോലനും P. 37

2. Hist. of Kerala Vol. 2, Page 468

മലങ്കരസഭയും വി. തോമസ് അപ്പോസ്തോലനും. P. 38

കുരിശടയാളം കാണുന്നതു മാർത്തോമ്മാശ്ലീഹാ പള്ളി സ്ഥാപിച്ച സ്ഥലമാണ്.

യുടെ ഇൻഡ്യൻ ആഗമനസത്യത്തെ മറയ്ക്കുവാൻ നിവൃത്തിയില്ലാതെ വന്നതുമൂലം തൽപ്പരകക്ഷികൾ കൈക്കൊണ്ടിട്ടുള്ള ചില അടവുകളാണിവയെല്ലാം. ഈ വാദങ്ങൾ കൊണ്ട് ഇൻഡ്യൻ സഭയുടെ അപ്പോസ്തോലികതത്തെ ദുർബലപ്പെടുത്താമെന്നു ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അതു കേവലം ഒരു വ്യാമോഹം മാത്രമേ ആയിരിക്കു.

വി. പത്രോസ്, പൗലൂസ്, യോഹന്നാൻ, യാക്കോബ് (കർത്താവിന്റെ സഹോദരൻ) എന്നീ അപ്പോസ്തോലന്മാരും, മർക്കോസ് ഏവൻഗേലിസ്ഥായും തങ്ങൾ സഭ സ്ഥാപിച്ചിടത്തെല്ലാം മേൽപ്പട്ടക്കാരെയും വാഴിച്ചു എന്നതു സർവ്വസമ്മതമായിരിക്കെ ഒരു അപ്പോസ്തോലനാൽ വി. വേദത്തിൽ നിന്നും ഗ്രഹിക്കാൻ കഴിയുന്നപ്രകാരം (യോഹ. 20: 24, 25) ഒരു സ്വതന്ത്രബുദ്ധിയുമായ മാർ തോമ്മാ മെത്രന്മാരെ വാഴിച്ചില്ല എന്നു വിചാരിക്കുന്നതു തികച്ചും അയുക്തികമായിരിക്കും. ക്രിസ്തു എന്ന ഏക അടിസ്ഥാനത്തിന്മേൽ സഭ പണിയുവാൻ താൻ നിയോഗിക്കപ്പെട്ടിരിക്കെ അതിനെ മെത്രാന്മാരില്ലാത്ത ഒരു തൽക്കാലസഭയായി മാത്രം സ്ഥാപിച്ചു എന്നു വിചാരിക്കാവുന്നതല്ല. കാരണം സഭ എന്നു പേരു പറയണമെങ്കിൽ മെത്രാൻ അതിന്റെ അവശ്യഘടകമായിരിക്കണം. വി. ഇഗ്നാത്യോസ് നൂറോനോ പറയുന്നപ്രകാരം എപ്പിസ്കോപ്പാ എവിടെയുണ്ടോ അവിടെ സഭയുമുണ്ട്. എപ്പിസ്കോപ്പാ

അതുപോലെതന്നെ മാർ തോമ്മാശ്ലീഹായെ ക്രി. 52-ൽ അന്ത്യോക്യാസിംഹാസനത്തിൽനിന്നു അയച്ചതാണെന്നും അങ്ങനെ വി. അപ്പോസ്തോലൻ അന്ത്യോക്യാസിംഹാസനത്തെ പ്രതിനിധീകരിക്കുക മാത്രമാണു ചെയ്തതെന്നും ചില നൂതനവാദങ്ങളും ചില സ്ഥാനങ്ങളിൽനിന്നും പുറപ്പെട്ടിട്ടുണ്ട് x മാർ തോമ്മാശ്ലീഹാ

x മാർ തോമ്മാശ്ലീഹാ അന്ത്യോക്യാസിംഹാസനത്തിൽ നിന്നും അയയ്ക്കപ്പെട്ടു എന്ന വാദത്തിനുള്ള മറുപടി സഭാസംരക്ഷകന്റെ 31, 32, 33 എന്നീ ലക്കങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

ഇല്ലെങ്കിൽ സഭയുമില്ല.+ അപ്പോൾ മലങ്കരയിൽ എപ്പിസ്കോപ്പന്മാരെ മാർതോമ്മാ വാഴിച്ചു എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവ് അദ്ദേഹം ഇവിടെ സഭ സ്ഥാപിച്ചു എന്നുള്ളതുതന്നെയാണ്. ഇവിടെ നിലനിൽക്കുന്നതിനും വളരുന്നതിനും വ്യാപരിക്കുന്നതിനും വേണ്ടിയുള്ള ഒരു സ്വർഗ്ഗീയ സ്ഥാപനമായിട്ടാണ് വി. അപ്പോസ്തോലൻ ഇവിടെ സഭ സ്ഥാപിച്ചതു്. അങ്ങനെ നിലനിൽക്കണമെങ്കിൽ അതു തീർച്ചയായും എപ്പിസ്കോപ്പായോടു കൂടിയതായിരിക്കണം, സംശയമില്ല. എന്തെന്നാൽ ശ്ലീഹന്മാരുടെ കാനോൻ പറയുന്നതു്. "വിശ്വാസികളുടെ വിലയേറിയ ആത്മാക്കൾ എപ്പിസ്കോപ്പായ്ക്കു വിശ്വാസമായി ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നു" എന്നാണ് (ഹൂദായ 1:1 ശ്ലീഹന്മാർ) വി. അപ്പോസ്തോലൻ തന്റെ രക്തസാക്ഷിത്വത്തിനു മുൻപായി കേഫാ എന്നും, പൗലൂസ് എന്നും രണ്ടു എപ്പിസ്കോപ്പന്മാരെ വാഴിച്ചാക്കി എന്നും മയിലാപ്പൂരിൽവച്ചു കുന്തമേറ്റു മരിച്ച ശ്ലീഹായെ ഈ രണ്ടു എപ്പിസ്കോപ്പന്മാർകൂടി യഥായോഗ്യം സംസ്കരിച്ചു എന്നും ചരിത്രകാരനായ ഫാ. ബർണാർഡ് പ്രസ്താവിക്കുന്നു. 72-ൽ മാർതോമ്മാശ്ലീഹാ കാലം ചെയ്യുമ്പോൾ ഇടയനില്ലാത്ത ആടുകളെപ്പോലെ മലങ്കരസഭയെ അനാഥമാക്കിക്കളഞ്ഞുവെന്നോ? അതരുതേ. ക്രി. 3-ാം നൂറ്റാണ്ടിന്റെ ഏതാണ്ട് അവസാനഘട്ടം വരെയും ഈ പിൻതുടർച്ച ഇവിടെ തുടർന്നു വന്നു. അങ്ങനെ എഡേസ്സായിലെയും സെലൂക്യായിലെയും പോലെ മാർതോമ്മാശ്ലീഹായിക്കു പിൻഗാമികൾ ഇൻഡ്യയിലും ഉണ്ടായിരുന്നു. മലങ്കരസഭയും വി. അപ്പോസ്തോലന്റെ സിംഹാസനസഭയായിരുന്നു എന്ന വസ്തുത നമ്മെ എന്നാളും അഭിമാനംകൊള്ളിക്കുന്നതത്രേ. 190-ൽ അലക്സാന്ത്രിയൻ സഭാപണ്ഡിതനായ പന്റീനസ് ഇവിടെ വന്നു. അദ്ദേഹം ഒരു മെത്രാനായിരുന്നില്ല. ഒരു വേദശാസ്ത്രപണ്ഡിതൻമാത്രമായിരുന്നു. ഇവിടെ അന്ന് ഒരു മെത്രാന്റെ ആവശ്യമാണുണ്ടായിരുന്നതെങ്കിൽ വേദശാസ്ത്രവിദഗ്ദ്ധൻകൂടിയായ ഒരു മെത്രാനല്ലാതെ അതിൽകുറഞ്ഞ ഒരു സ്ഥാനിവരുമായിരുന്നില്ല. അതുതന്നെ ഇവിടെ ഭരിച്ചിരുന്ന മെത്രാന്റെയോ മെത്രാന്മാരുടെയോ ആവശ്യാനുസരണവും ആകാനേ തരമുള്ളു. ഒരു മെത്രാൻ ഇൻഡ്യയ്ക്കുവെളിൽ നിന്ന് ആദ്യമായി ഇവിടെ വരുന്നതു ക്രി. 290-നടുത്ത് കിഴക്കിന്റെ കാതോലിക്കായാൽ അയക്കപ്പെട്ട ബസ്രായിലെ ദുവാദ് എന്ന ദേഹമാണ്. അതിനകം ഏതാണ്ട് 2½ നൂറ്റാണ്ടുകാലം ഇൻഡ്യൻസഭ മെത്രാനില്ലാതെ നിലനിന്നു എന്നു വിചാരിക്കുവാൻ യാതൊരു നിവൃത്തിയുമില്ല. ഇൻഡ്യയിൽ ശക്തിപ്പെട്ടുവന്ന ബുദ്ധമതത്തിന്റെയും പ്രതാപത്തിൽ ഇരുന്ന ബ്രാഹ്മണമതത്തിന്റെയും തള്ളലിൽപ്പെട്ട് സഭ പക്ഷേ ക്ഷീണോന്മുഖമായിത്തീർന്നതിനാലും സഭയ്ക്കുള്ളിൽതന്നെ അധഃകൃതരെ സ്വീകരിക്കുന്നതിനു ബ്രാഹ്മണക്രൈസ്തവ മേധാവിത്വത്തിനുണ്ടായിരുന്ന വൈമനസ്യം ഹേതുവായും സഭയ്ക്കു വികസനസാദ്ധ്യതകൾ തുലോം വിരളമായിരുന്നതിനാൽ പരിസരങ്ങളുടെ പ്രാതികൂല്യങ്ങളെ പരിഗണിച്ചു തുടരെ മെത്രാന്മാരെ വാഴിക്കുന്നതിനു പിന്നീട് അത്ര ഔത്സുക്യം പ്രദർശിപ്പിച്ചില്ലായിരിക്കണം. ആ കുറവു പൗരസ്ത്യ കാതോലിക്കാ മെത്രാന്മാരെ അയച്ചു നികത്തിത്തന്നു.

മാർ തോമ്മാശ്ലീഹാ എഡേസ്സായിലും സെലൂക്യായിലും, ഇന്ത്യയിലും സഭ സ്ഥാപിച്ചു എന്നു നാം കണ്ടുവല്ലോ. എഡേസ്സായിൽ സ്ഥാപിച്ച സിംഹാസനത്തിൽ കർത്താവിന്റെ അറിയിപ്പുകാരിൽ ഒരുവനായ ആദായി ഭരിച്ചു. ഉർഹായിലെ അബ്ഗർ രാജാവിന്റെ പുത്രൻ രാജസ്ഥാനം പ്രാപിച്ചപ്പോൾ ആദായിയെ വധിച്ചു. അതിനുമുമ്പാ

+ ക്നാനായ മെത്രാപ്പോലീത്തായായ മാർ ക്ലീമീസ് ഹോസിൽനിന്നും മെല്പട്ടമേറ്റു തിരിച്ചുവന്ന അവസരത്തിൽ ചിങ്ങവനം അപ്രേം സിമ്മനാരിയിൽവച്ചുകൂടിയ യോഗത്തിൽ പൗലൂസ് അത്താനാസ്യോസ് തിരുമേനി ചെയ്ത അദ്ധ്യക്ഷപ്രസംഗം ഈ വാചകത്തെ അനുസ്മരിച്ചും ആസ്പദമാക്കിയും ആയിരുന്നു.

യി ആദ്ദായി തൻെറ ശിഷ്യനായ അഗായിക്കു മേൽപ്പട്ടം നൽകിയിരുന്നു. ആഗായിയും വധിക്കപ്പെട്ടു. എദേസ്സായിൽ തുടരുവാൻ നിവൃത്തിയില്ലാതെവന്നതിനാൽ ആഗായിയുടെ പിൻഗാമിയായ മാറി കിഴക്കോട്ടു പോയി യൂപ്രട്ടീസ് ടൈഗ്രീസിനു സമീപം മാർ തോമ്മാശ്ളീഹായുടെ വേലസ്ഥലമായ സെലൂക്യായിൽ എത്തി. ഇവിടെ മാറി ഹാർദ്ദമായി സ്വാഗതം ചെയ്യപ്പെട്ടു. ഈ മാറിയുടെ കാലത്തു 360 പള്ളികൾ പൗരസ്ത്യ ഇടവകയിൽ സ്ഥാപിതമായതായി ബാർ എബ്രായ പ്രസ്താവിക്കുന്നു.

മാറിക്കുശേഷം മാർ തോമ്മാശ്ളീഹായുടെ പൗരസ്ത്യ സിംഹാസനത്തിൽ അവരോധിക്കപ്പെട്ട എബ്രസിയൂസ്, അബ്രഹാം, യാക്കോബു എന്നിവർ മൂവരും നമ്മുടെ കർത്താവിൻെറ വളർത്തുപിതാവായ യൗസേഫിൻെറ വംശജന്മാരായിരുന്നു. യാക്കോബു വൃദ്ധനായി.

അക്കാലത്തെ അന്ത്യോക്യാ സഭയെപ്പററി ഗ്രഹിക്കുന്നതിനും അതോടുകൂടി മേല്പട്ടം പ്രാപിച്ചു വരുന്നതിനുമായി ആഹോദാബൂയി, ഷോമേശു എന്നീ രണ്ടുപേരെ തെരഞ്ഞെടുത്തു അന്ത്യോക്യായിലേക്കു അയച്ചു. അവർ രണ്ടുപേരും അന്ത്യോക്യായിലെത്തി ഒരു ക്രിസ്ത്യാനിയുടെ ഗൃഹത്തിൽ ശാപാർത്തു. ഇക്കാലത്തു റോമാസാമ്രാജ്യവും പേർഷ്യാ സാമ്രാജ്യവും പരസ്പരശത്രുതയിലായിരുന്നതിനാൽ ഈ പേർഷ്യന്മാർ ചാരന്മാരാണെന്നു ശങ്കിക്കപ്പെടുകയും റോമൻ പടയാളികൾ ആ ക്രിസ്ത്യാനിയുടെ ഗൃഹം വളയുകയും ചെയ്തു. ഷോമേശുവിനേയും ആ വീട്ടുകാരനേയും അവർ കുരിശിൽ തറച്ചു കൊന്നു. ഏതുവിധേനയോ ആഹോദാബൂയി അവിടെനിന്നും രക്ഷപെട്ടു യെറൂശലേമിലെത്തി.

ആഹോദാബൂയിൽ നിന്നും വസ്തുതകൾ ഗ്രഹിച്ച യെറൂശലേമിലെ എപ്പിസ്കോപ്പന്മാർ സുന്നഹദോസ് കൂടുകയും ആഹോദാബൂയിയെ പൗരസ്ത്യസഭയുടെ പൊതുപിതാവായി_കാതോലിക്കാ ആയി—വാഴിച്ചു സ്താത്തിക്കോൻ കൊടുക്കുകയും ചെയ്തു. ഇതു എ. ഡി. 231-ൽ ആയിരുന്നു. ആ സ്താത്തിക്കോനിൽ കിഴക്കരായ എപ്പിസ്കോപ്പന്മാർതന്നെ അവർ തിരഞ്ഞെടുക്കുന്ന ആളിനെ പട്ടം കെട്ടിക്കൊള്ളുന്നതിനും അദ്ദേഹം കാതോലിക്കാ പാത്രിയർക്കീസ് എന്നു പ്രഖ്യാപിക്കപ്പെടണമെന്നും വിവരിച്ചിട്ടുണ്ടായിരുന്നു. അങ്ങനെ മാർ തോമ്മാശ്ലീഹായുടെ പ്രേക്ഷിതവൃത്തിമൂലം ഉണ്ടായിട്ടുള്ള കിഴക്കൻ സഭകളുടെയെല്ലാം ആകമാന ആധിപത്യം പൗരസ്ത്യസിംഹാസനാധിപതിയായ കാതോലിക്കായിൽ നിക്ഷിപ്തമായി. പത്രോസിൻെറ സിംഹാസനത്തിൻെറ പിൻഗാമിത്വം അവകാശപ്പെടുന്ന റോം, അന്ത്യോക്യാ എന്നീ സ്ഥലങ്ങളിലേയും മർക്കോസ് എവൻഗേലിസ്തായുടെ സിംഹാസനം അവകാശപ്പെടുന്ന അലക്സന്ത്രിയായിലെയും എപ്പിസ്കോപ്പന്മാർക്കു പാത്രിയർക്കാനാമം സിദ്ധിക്കുന്നതിനു-അഥവാ പ്രസ്തുത സിംഹാസനങ്ങൾ പാത്രിയർക്കാ സിംഹാസനങ്ങളായി ഉയർത്തപ്പെടുന്നതിനു സുമാർ 94 വർഷം മുമ്പുതന്നെ മാർ തോമ്മാശ്ലീഹായുടെ പിൻഗാമിയായ കിഴക്കിൻെറ വലിയ മെത്രാപ്പോലീത്തായ്ക്കു പാത്രിയർക്കീസ് എന്നും കാതോലിക്കാ എന്നും നാമം സിദ്ധിച്ചു. ഇതുമുതൽ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനം കാതോലിക്കാ സിംഹാസനം എന്നപേരിൽ അറിയപ്പെട്ടുവരുന്നു. എ.ഡി.325-ൽ നിഖ്യാസുന്നഹദോസ് ഭരണവ്യവസ്ഥ ചെയ്തു പാത്രിയർക്കാ സിംഹാസനങ്ങളെ ക്രമീകരിച്ചപ്പോൾ എല്ലാസഭകളുടെയും മാതാവായ യെറൂശലേമിൻെറ എപ്പിസ്കോപ്പൽ സുന്നഹദോസ് ചെയ്ത ആ നിശ്ചയത്തെ ഉദ്ധരിച്ചു സ്ഥിരപ്പെടുത്തി സാർവത്രീകരിക്കമാത്രമാണു ചെയ്തതു.

ക്രിസ്തുവർഷാരംഭത്തിനു മുമ്പുമുതൽതന്നെ പേർഷ്യയും ഇൻഡ്യയുമായി വ്യാപാരബന്ധത്തിൽ ഏർപ്പെട്ടിരുന്നതിനാൽ ഇൻഡ്യൻ സഭയെപ്പററി പേർഷ്യൻ കാതോലിക്കാക്കു നല്ല അറിവുണ്ടായിരുന്നു. തന്മൂലം ഇൻഡ്യൻ സഭയുടെ സംരക്ഷണവും ഭരണവും മാർ തോമ്മാശ്ലീഹായുടെ പിൻഗാമി എന്ന നിലയിൽ കാതോലിക്കാ ഏറെറടുക്കുകയും 3-ാം നൂററാണ്ടുമുതൽ അവിടെ നിന്നും മെത്രാന്മാരെ തുടരെ അയക്കുകയും ചെയ്തുവന്നു. ഈ വസ്തുത എ. ഡി. 522-ൽ ഇൻഡ്യ സന്ദർശിച്ച കോസ്മസ് തൻെറ ക്രിസ്ത്യൻ ടോപ്പോഗ്രാഫിയിൽ വിവരിക്കുന്നുണ്ടു. മലങ്കരയിലെ (ക്നാനായക്കാരുടെ) ചില പുരാതന പാട്ടുകളും അവക്കു സാക്ഷ്യങ്ങളാണു. ഒരു പാട്ടു താഴെ ചേർക്കുന്നു.

ആദിമുന്നമിമ്മലനാട്ടിൽ
വന്നൊരു മാർത്തോമ്മൻെറ
അല്ലലൊഴിച്ചു നന്മവരുത്തി
പിന്നെ മരിച്ചശേഷം
കാലം മുന്നൂററാണ്ടതുശേഷം
വന്നുക്നായിത്തൊമ്മൻ
കാതോലിക്കാ കല്പനയാലെ
ആബൂനാമാർ വരവുണ്ടു്.

(ശേഷം കവർ രണ്ടാം പേജിൽ)

THE MALANKARA SABHA.

License No 475 dated 11 th April 1946 -- Registered No- M- 6125

പ്രസ്താവന.

മാനേജർ "മലങ്കരസഭാ" മാസിക-- സുറിയാനിസിമ്മനാരി കോട്ടയം എന്ന മേൽവിലാസത്തിൽ വരിസംഖ്യ അയക്കേണ്ടതാണു.

വരിസംഖ്യ മുൻകൂർ: —

ഒരാണ്ടത്തേക്കു് തിരു.കൊച്ചിയിൽ	3	0	0
ആറുമാസത്തേക്കു്	1	8	0
തിരു.കൊച്ചിക്കു വെളിയിൽ	3	8	0
ആറുമാസത്തേയ്ക്കു്	1	12	0
ഒററപ്രതി	0	4	0

"സ്ലീബായുടെ ദാസന്മാർ"

(മൂക്കഞ്ചേരിൽ പത്രോസു റമ്പാൻ, സമൂഹാദ്ധ്യക്ഷൻ)

"മോഷ്ടിക്കരുതു് എന്നു പ്രസംഗിക്കുന്ന നീ മോഷ്ടിക്കുന്നുവോ? വ്യഭിചാരം ചെയ്യരുതു് എന്നു പറയുന്ന നീ വ്യഭിചാരം ചെയ്യുന്നുവോ?.....നിങ്ങൾനിമിത്തം ദൈവത്തിന്റെ നാമം ജാതികളുടെ ഇടയിൽ ദൂഷിക്കപ്പെടുന്നു."—വി. പൗലൂസ്.

x x x

28-ാം വാർഷികറിപ്പോർട്ടു പ്രസിദ്ധപ്പെടുത്തിയശേഷം താഴെ പേർപറയുന്ന പള്ളികളിൽ നമ്പർ കാണിക്കുന്നിടത്തോളം പുറജാതിക്കാർ മാമോദീസാ മുഴുകിയതായി റിപ്പോർട്ടു കിട്ടിയിരിക്കുന്നു:— ളാക്കൂർ 7, ചാത്തന്നൂർ... ചാത്തമററം 4, മുളന്തുരുത്തി 19, വടയാപ്പറമ്പു 2, തേവനാൽ 6; ചേലാട്ടു 9, നാമക്കുഴി... നാവോളിമററം 1, നെച്ചൂരു 1, കടമററം 3, പുതുവേലി 8, മണ്ണത്തൂർ 5, പെരുനാടു 8, കിരാലിയേലി 1 മലബാർ പാതിരിക്കോട്ടു് 4.

x x x x x

നാനാഭാഗങ്ങളിലുമുള്ള നമ്മുടെ പുതുക്രിസ്ത്യൻ സംഘങ്ങൾക്കു ഉണർവുയോഗങ്ങൾ നടത്തുന്നതിനും, വിധവകൾക്കും രോഗികൾക്കും സ്കൂൾകുട്ടികൾക്കും മററും കോടിവസ്ത്രവും ധനസഹായവും നൽകുന്നതിനുമുള്ള വാർഷികസഞ്ചാരം ആരംഭിച്ചു് ഞങ്ങൾ വൃശ്ചികത്തിൽ പിരക്കുന്നം, നെച്ചൂരു്, പള്ളിക്കര മുതലായ പ്രദേശങ്ങളും, ധനുവിൽ കോലഞ്ചേരി, കടമററം, പാമ്പാക്കുട മുതലായ പ്രദേശങ്ങളും കടന്നുപോകുന്നു. മകരം കാര്യപരിപാടി ചുവടെ ചേർക്കുന്നു. പട്ടക്കാർ ദയവായി തലേ ഞായറാഴ്ച യോഗസംഗതിയേപ്പററിയും സ്തോത്രവഴിപാടിനെപ്പററിയും വിളിച്ചുപറയണം.

1 ബു. കോട്ടയം പുത്തനങ്ങാടി കാതോലിക്കേററു പള്ളി, 2 വ്യാ. കോട്ടയം പണപ്പിരിവു, 3 വെള്ളി ചിങ്ങവനം. 4 ശ. 5 ഞാ. പുതുപ്പള്ളി, 6 തി. മല്ലപ്പള്ളി, 7 ചൊ. വെണ്ണിക്കുളം ബഥനി, 8 ബു. കവിയൂർ, 9 വ്യാ. ചെങ്ങന്നൂർ 10 വെ. കാളികുന്നു, 11 ശ. 12 ഞാ. കാരൂർ, 13 തി. 14 ചൊ. 15 ബു. മാക്കാംകുന്നു, 16 വ്യാ. അട്ടച്ചാക്കൽ, 17 വെ. തലവടി 18 ശ കുണ്ടറ, 19 ഞാ. മാറനാട്ടു് 20 തി. പുത്തൂർ, 21 ചൊ. മാവേലിക്കരവിശ്രമം, 22 ബു. കല്ലുമല 23 വ്യാ. പുതിയകാവുപള്ളി, 24 വെ. വളഞ്ഞവട്ടം, 25 ശ. വീയപുരം, 26 ഞാ. മേല്പാടം.

വാർത്തകളും കുറിപ്പുകളും.

അഖിലലോക ക്രൈസ്തവ യുവജനസമ്മേളനം ഈ ഡിസംബർ 11 മുതൽ 25-ാം തീയതി വരെ കോട്ടയത്തുവച്ചു നടത്തപ്പെടുന്നു. വിവിധസഭകളെ പ്രതിനിധീകരിച്ചു 300-ൽ അധികം മഹതീമഹാന്മാർ ഇതിൽ സംബന്ധിക്കുന്നതും അവരെ സ്വാഗതം ചെയ്തു രാജപ്രമുഖൻ തിരുമേനി പ്രസംഗിക്കുന്നതുമാണു്. തിരുനക്കര മൈതാനത്തുവച്ചും സി. എം. എസ്സ്. കോളജ് വളപ്പിൽ സജ്ജമാക്കിയിട്ടുള്ള പന്തലിൽ വച്ചും പൊതുപ്രസംഗം നടത്തപ്പെടുന്നതാണു്.

വലിയ നോമ്പിൽ മത്സ്യം, മുട്ട, പാൽ, പാൽക്കട്ടി ആദിയായി വർജ്യസാധനങ്ങളെ ഉപയോഗിക്കുന്നതിനു് അനുവദിച്ചും ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചും അന്ത്യോഖ്യാ പാത്രിയർക്കീസ് തിരുമേനി കല്പന പറപ്പെടുവിച്ചിരിക്കുന്നു. അതിപുരാതനവും പരിശുദ്ധവുമായ നോമ്പിന്മേൽ നടത്തപ്പെടുന്ന അനധികൃതമായ ഈ കല്പന മൂലം സത്യവിശ്വാസികൾ വഞ്ചിക്കപ്പെടരുതെന്നു വി. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു 23-ാം തീയതി പ്രസംഗമദ്ധ്യേ ഉത്ബോധിപ്പിച്ചിരിക്കുന്നു.

Edited Printed and Published by the Rev. Fr. T. C. Jacob, at the Town Press, Kottayam